
2023
SEPTEMBER
05
TUESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995



## നിദ്രയ്ക്കു മുൻപേ ചന്ദ്രോപരിതലത്തിൽ വിക്രം ലാൻഡറിനെ ചാടിച്ച് ഐഎസ്ആർഒ; ഇനി ഉറക്കം

**ചെന്നൈ:** ചന്ദ്രന്റെ ദക്ഷിണ ധ്രുവത്തിലെ സൂര്യപ്രകാശം നിലച്ചതിനു പിന്നാലെ പൂർണമായും നിദ്രയിലേക്കു നീങ്ങും മുൻപ് ചന്ദ്രയാൻ 3 ദൗത്യത്തിലെ വിക്രം ലാൻഡറിനെ ഒന്നുകൂടി അനക്കി ഐഎസ്ആർഒ. വിക്രം ലാൻഡർ ചന്ദ്രോപരിതലത്തിൽനിന്ന് ഒന്നുകൂടി ഉയർത്തിയ ശേഷം മുൻപുണ്ടായിരുന്ന സ്ഥലത്തുനിന്ന് അൽപം മാറ്റി ഇറക്കിയതായി ഐഎസ്ആർഒ എക്സ് പ്ലാറ്റ്ഫോമിൽ പങ്കുവച്ച കുറിപ്പിൽ വ്യക്തമാക്കി. 40 സെന്റിമീറ്ററോളം ഉയർത്തി 30 സെന്റിമീറ്ററോളം മാറ്റി ഇറക്കിയതായാണ് റിപ്പോർട്ട്. തുടർന്ന് ഇന്നു രാവിലെ എട്ടു മണിയോടെ വിക്രം ലാൻഡർ പൂർണമായും നിദ്രയിലായെന്നും ഐഎസ്ആർഒ അറിയിച്ചു.

പൂർണമായും നിദ്രയിലേക്കു പ്രവേശിക്കും മുൻപ് പുതിയ സ്ഥലത്തുവച്ച് വിക്രം ലാൻഡറിലെ ചന്ദ്രാസ് തെർമോഫിസിക്കൽ എക്സ്പെരിമെന്റ് (ചാസ്തേ), ഇൽസ, ലാങ്മിർ പ്രോബ് (എൽപി) തുടങ്ങിയ പേലോഡുകൾ പരീക്ഷണാടിസ്ഥാനത്തിൽ വിജയകരമായി പ്രവർത്തിപ്പിച്ചതായി ഐഎസ്ആർഒ കുറിച്ചു. ശേഖരിച്ച വിവരങ്ങൾ പൂർണമായും ഭൂമിയിൽ ലഭിച്ചു. ഇതിനു പിന്നാലെ പേലോഡുകൾ സ്വിച്ച് ഓഫായി. അതേസമയം, ലാൻഡറിന്റെ റിസീവറുകൾ ഓണായിരിക്കുമെന്നും ഐഎസ്ആർഒ വ്യക്തമാക്കി. പ്രഗ്യാൻ റോവറിനു സമീപം തന്നെയാണ് വിക്രം ലാൻഡറിനും വിശ്രമം.

ദക്ഷിണ ധ്രുവത്തിൽ കഴിഞ്ഞ രണ്ടാഴ്ച പകലായിരുന്നെങ്കിൽ ഇനിയുള്ള രണ്ടാഴ്ച രാത്രിയാണ്. ചാന്ദ്രദിനം ആരംഭിച്ച് 2 ദിവസത്തിനു ശേഷമാണ് ചന്ദ്രയാൻ 3 ഇറങ്ങിയത്. അതിനാൽ 12 ദിവസമേ ലാൻഡറിനും റോവറിനും ലഭ്യമായുള്ളൂ. രാത്രിയായാൽ ചന്ദ്രനിലെ താപനില മൈനസ് 180 ഡിഗ്രി സെൽഷ്യസ് വരെ താഴും. അതിനുശേഷം അടുത്ത പകൽ വരുമ്പോൾ വിക്രം ലാൻഡറും പ്രഗ്യാൻ റോവറും വീണ്ടും പ്രവർത്തനക്ഷമമാകുമോ എന്നറിയാൻ കാത്തിരിക്കണം

## വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ കരാർ

# താൽപര്യം അറിയിച്ച് അദാനി, ഡിബി പവർ

**തിരുവനന്തപുരം:** സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കാനുള്ള നീക്കത്തിന്റെ ഭാഗമായി ക്ഷണിച്ച ടെൻഡർ തുറന്നപ്പോൾ കരാറിൽ താൽപര്യം പ്രകടിപ്പിച്ചത് അദാനി പവറും ഡിബി പവറും. 5 വർഷത്തേക്ക് 403 മെഗാവാട്ട് വൈദ്യുതി നൽകുന്നതിനുള്ള കരാറിനായി അദാനി വാഗ്ദാനം ചെയ്തത് യൂണിറ്റിന് 6.90 രൂപയും ഡിബി പവറിന്റേത് യൂണിറ്റിന് 6.97 രൂപയും. ചർച്ചകൾക്കൊടുവിൽ യൂണിറ്റിന് 6.88 രൂപയ്ക്ക് വൈദ്യുതി നൽകാമെന്ന് ഇരു കമ്പനികളും സമ്മതിച്ചു. 403 മെഗാവാട്ടിന്റെ കരാറിൽ 303 മെഗാവാട്ട് അദാനി പവറും ശേഷിക്കുന്നത് ഡിബി പവറും നൽകും. റഗുലേറ്ററി കമ്മിഷന്റെ അനുമതി ലഭിച്ചാൽ കരാറുമായി മുന്നോട്ടുപോകുമെന്ന് കെഎസ്ഇബി അധികൃതർ പറഞ്ഞു.




വൈദ്യുതി ബോർഡിനു പ്രതിദിനം 5 കോടിയോളം രൂപയുടെ നഷ്ടമുണ്ടാക്കുന്നതാണു പുതിയ കരാറെങ്കിലും ഈ വൈദ്യുതി ലഭിച്ചാൽ മാത്രമേ ലോഡ് ഷെഡിങ് ഒഴിവാക്കാൻ കഴിയൂ. ടെൻഡറുകൾ ഉറപ്പിച്ചാലും വൈദ്യുതി ലഭിക്കാൻ അടുത്ത മാസമാകും. അതുവരെ ഉയർന്ന നിരക്കിൽ വിപണിയിൽനിന്ന് വൈദ്യുതി വാങ്ങേണ്ടിവരും. ഉയർന്ന നിരക്കിൽ വൈദ്യുതി വാങ്ങുന്നത് ഭാവിയിൽ വൈദ്യുതി നിരക്ക് വർധനയ്ക്കും കാരണമാകാം.

പ്രതിദിനം യൂണിറ്റിനു 4.26 രൂപയ്ക്ക് വാങ്ങിയിരുന്ന 465 മെഗാവാട്ടിന്റെ ദീർഘകാല വൈദ്യുതി കരാർ സംസ്ഥാന റഗുലേറ്ററി കമ്മിഷന്റെ ഉത്തരവു കാരണം റദ്ദാക്കേണ്ടി വന്നതോടെയാണ് 6.88 രൂപയ്ക്ക് വൈദ്യുതി വാങ്ങേണ്ടിവന്നത്. നിലവിൽ വൈദ്യുതി പ്രതിസന്ധി ഒഴിവാക്കാൻ പ്രതിദിനം യൂണിറ്റിന് 6.50 രൂപ മുതൽ 8 രൂപ വരെ വിലകൊടുത്താണ് കെഎസ്ഇബി വൈദ്യുതി വാങ്ങുന്നത്.

ദീർഘകാല കരാറിലൂടെ 3 കമ്പനികളിൽനിന്നാണ് യൂണിറ്റിന് 4.26 രൂപയ്ക്ക് 465 മെഗാവാട്ട് വൈദ്യുതി കേരളം 7 വർഷമായി വാങ്ങിയിരുന്നത്. യുഡിഎഫ് സർക്കാരിന്റെ കാലത്താണ് കരാറിലേർപ്പെട്ടത്. സാങ്കേതിക പിഴവുകൾ ചൂണ്ടിക്കാട്ടിയാണ് റഗുലേറ്ററി കമ്മിഷൻ കരാർ റദ്ദാക്കിയത്. ഇതോടെ, കരാറിലേർപ്പെട്ടിരുന്ന കമ്പനികൾ വൈദ്യുതി നൽകാൻ വിസമ്മതിച്ചു.

ജാബുവ പവർ ലിമിറ്റഡ്, ജിൻഡാൽ പവർ ലിമിറ്റഡ്, ജിൻഡാൽ തെർമൽ പവർ ലിമിറ്റഡ് എന്നീ കമ്പനികളാണ് 4.26 രൂപയ്ക്ക് വൈദ്യുതി നൽകാൻ കെഎസ്ഇബിയുമായി കരാറിൽ ഏർപ്പെട്ടിരുന്നത്. വൈദ്യുതി പ്രതിസന്ധി രൂക്ഷമായതോടെ പുതിയ കരാറുകളിൽ ഏർപ്പെടാൻ കെഎസ്ഇബി നിർബന്ധിതരായി. ഹ്രസ്വകാല കരാറിന്റെ അടിസ്ഥാനത്തിൽ 200 മെഗാവാട്ട് വൈദ്യുതി വാങ്ങാനുള്ള ടെൻഡർ നാളെ തുറക്കും. 500 മെഗാവാട്ട് വൈദ്യുതി വാങ്ങുന്നതിനുള്ള കരാർ 6ന് തുറക്കും

## ഐടിസി 1500 കോടിയുടെ പദ്ധതികൾ പ്രഖ്യാപിച്ചു

**ഡൽഹി:** ഇന്ത്യയിലെ പ്രമുഖ ബിസിനസ് ഗ്രൂപ്പായ ഐടിസി 1500 കോടി രൂപയുടെ പദ്ധതികൾ പ്രഖ്യാപിച്ചു. മധ്യപ്രദേശിലെ സെഹോറിൽ സംയോജിത ഭക്ഷ്യ നിർമാണ പ്ലാന്റിനും പാക്കേജിങ്ങിനുമായാണു സൗകര്യങ്ങൾ വികസിപ്പിക്കുന്നത്. 57 ഏക്കറിലായി ആരംഭിക്കുന്ന പദ്ധതികൾ കൃഷി, നിർമാണ മേഖലയിലേക്കുള്ള പുതിയൊരു ചുവടുവയ്പായിരിക്കുമെന്ന് കമ്പനി അറിയിച്ചു. ആശിർവാദ് ആട്ട, സൺഫീസ്റ്റ് ബിസ്കറ്റ്സ്, യിപ്പീ നൂഡിൽസ് ഉൾപ്പെടെ ഫാസ്റ്റ് മൂവിങ് ഗുഡ്സ് (എഫ്എംസിജി) വിഭാഗത്തിലുൾപ്പെടുന്ന ഭക്ഷ്യ ഉൽപന്നങ്ങളുടെയും ബീവറേജുകളുടെയും നിർമാണം ഈ പ്ലാന്റുകളിൽ നടക്കും.

സെപ്റ്റംബർ നാലിന് 443.35 രൂപയിൽ വ്യാപാരം ആരംഭിച്ച ഐടിസിയുടെ ഓഹരി വില ആദ്യഘട്ട വ്യാപാരത്തിൽ 438 രൂപ വരെയെത്തി.



## ശ്രേയസ് പദ്ധതിയിലേക്ക് അപേക്ഷിക്കാം

**കൊല്ലം:** ജില്ലാ പഞ്ചായത്ത് 202324 സാമ്പത്തിക വർഷം നടപ്പിലാക്കുന്ന മിശ്രവിവാഹിതരായ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് ധനസഹായം നൽകുന്ന ശ്രേയസ് പദ്ധതിയിലേക്ക് അപേക്ഷിക്കാം.

വിവാഹം കഴിഞ്ഞ് ഒരു വർഷം പൂർത്തീകരിച്ചതും മൂന്നുവർഷം കഴിയാത്തതും മറ്റ് സ്ഥാപനങ്ങളിൽ നിന്നോ ഏജൻസികളിൽ നിന്നോ സ്വയംതൊഴിൽ ധനസഹായം ലഭിച്ചിട്ടില്ലാത്തതും ഗ്രാമസഭാ ലിസ്റ്റിൽ ഉൾപ്പെട്ടതുമായ വനിതകളായിരിക്കണം അപേക്ഷകർ.

ജാതി, വരുമാനം, കോലിവിംഗ് സർട്ടിഫിക്കറ്റുകൾ റേഷൻ കാർഡ്, ആധാർ കാർഡ്, ചെയ്യാൻ ഉദ്ദേശിക്കുന്ന തൊഴിൽ സംബന്ധിച്ച പ്രോജക്ട് റിപ്പോർട്ട് സഹിതമുള്ള അപേക്ഷ സെപ്റ്റംബർ 18 വൈകിട്ട് 5 നകം സിവിൽ സ്റ്റേഷൻ മൂന്നാം നിലയിൽ പ്രവർത്തിക്കുന്ന ജില്ല പട്ടികജാതി വികസന ഓഫീസിൽ സമർപ്പിക്കണം കോർപ്പറേഷൻ മുനിസിപ്പാലിറ്റി പരിധിയിലുള്ളവർ അപേക്ഷിക്കേണ്ടതില്ല. ഫോൺ 0474 2794996.

## കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് കരാർ നിയമനം

**കൊല്ലം:**പുനലൂർ ഫാസ്റ്റ് ട്രാക്ക് സ്പെഷ്യൽ കോടതിയിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലേക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നു.

സിവിൽക്രിമിനൽ കോടതികളിൽ നിന്നും മറ്റു വകുപ്പുകളിൽ നിന്നും വിരമിച്ചവർക്ക് അപേക്ഷിക്കാം. പ്രായപരിധി 62 വയസ്സ്. അപേക്ഷകൾ ഫോട്ടോ പതിച്ച പൂർണമായ ബയോഡേറ്റയും വയസ്സ്, യോഗ്യത, പ്രവർത്തിപരിചയം തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും സഹിതം ജില്ലാ ജഡ്ജ്, ജില്ലാ കോടതി, കൊല്ലം വിലാസത്തിൽ സെപ്റ്റംബർ 15 നകം സമർപ്പിക്കണം.

## നിബോധിത പദ്ധതിയിലേക്ക് അപേക്ഷിക്കാം

ജില്ലാ പഞ്ചായത്ത് 202324 സാമ്പത്തിക വർഷം നടപ്പിലാക്കുന്ന പട്ടികജാതി വിഭാഗങ്ങളിലെ എസ് എസ് എൽ സി പരീക്ഷ വിജയിച്ചവർ മുതൽ ഉയർന്ന വിദ്യാഭ്യാസയോഗ്യതയുള്ള തൊഴിൽതൽപ്പരരും ഗ്രാമസഭാ ലിസ്റ്റിൽ ഉൾപ്പെട്ടവരുമായ എല്ലാവരെയും മത്സരപരീക്ഷകൾക്ക് പ്രാപ്തരാക്കുന്ന നിബോധിത പദ്ധതിയിലേക്ക് അപേക്ഷിക്കാം.

ജാതി വരുമാന സർട്ടിഫിക്കറ്റുകൾ, വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന രേഖകൾ, റേഷൻ കാർഡ്, ആധാർ കാർഡ് സഹിതമുള്ള അപേക്ഷ സെപ്റ്റംബർ 18 വൈകിട്ട് അഞ്ചിനകം സിവിൽ സ്റ്റേഷൻ മൂന്നാം നിലയിൽ പ്രവർത്തിക്കുന്ന ജില്ല പട്ടികജാതി വികസന ഓഫീസിൽ സമർപ്പിക്കണം.

കോർപ്പറേഷൻ, മുനിസിപ്പാലിറ്റി പരിധിയിലുള്ളവർ അപേക്ഷിക്കേണ്ടതില്ല. അപേക്ഷ ഫോം ജില്ലാ പട്ടികജാതി വികസന ഓഫീസിലും എല്ലാ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസുകളിലും ലഭിക്കും. ഫോൺ 0474 2794996.

# ഇരുപത് ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കും: മന്ത്രി വീണാ ജോർജ്

**തിരുവനന്തപുരം:** 2026 ഓടെ 20 ലക്ഷത്തിലധികം പേർക്ക് തൊഴിൽ ലഭ്യമാക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് ആരോഗ്യ, വനിതാ ശിശുക്ഷേമ മന്ത്രി വീണ ജോർജ് പറഞ്ഞു. തൊഴിലരങ്ങത്തേക്ക് എന്ന അഭ്യസ്ത വിദ്യരായ സ്ത്രീകൾക്കുള്ള തൊഴിൽ പദ്ധതിയുടെ രണ്ടാം ഘട്ടം ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

കേരളത്തെ വൈജ്ഞാനിക സമൂഹമാക്കി ഉയർത്തുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ രൂപീകരിച്ച കേരള നോളജ് ഇക്കോണമി മിഷന്റെ നേതൃത്വത്തിലുള്ള സുപ്രധാനമായ ഒരു ചുവടുവെപ്പാണ് തൊഴിലരങ്ങത്തേക്ക് എന്ന പദ്ധതി. സ്ത്രീശാക്തീകരണത്തിന് ഏറ്റവും പ്രധാനപ്പെട്ട ഘടകമാണ് സാമ്പത്തിക ശാക്തീകരണം. സാമ്പത്തിക ശാക്തികരണം സാധ്യമാകുന്നത് തൊഴിൽ ഉറപ്പാക്കി, സാമ്പത്തികമായ സ്വാതന്ത്ര്യം നേടുന്നതിലൂടെയാണ്. ഉയർന്ന വിദ്യാഭ്യാസമുള്ള ആളുകൾ ധാരാളമായുള്ള സംസ്ഥാനമെന്ന നിലയിൽ ആഗോളതലത്തിൽ തന്നെ കേരളത്തിൽ നിന്നുള്ള പ്രൊഫഷണലുകൾക്ക് വലിയ സ്വീകാര്യതയാണ്. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ യുകെയിൽ നടത്തിയ സന്ദർശനത്തെ തുടർന്ന് നാലു തവണയാണ് ആരോഗ്യ മേഖലയിലേക്കുള്ള റിക്രൂട്ട്മെന്റിനായി കേരളത്തിൽ ജോബ് ഫെസ്റ്റ് നടത്തിയത്. നമ്മുടെ വിഭവശേഷി സംസ്ഥാനത്തിനകത്ത് വിനിയോഗിക്കാൻ കഴിയുന്ന രീതിയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയാണ് സർക്കാർ ചെയ്യുന്നത്.

സ്ത്രീകളെ സംബന്ധിച്ചിടത്തോളം ചില പ്രശ്നങ്ങൾ തൊഴിൽ മേഖലയിൽ നിലനിൽക്കുന്നുണ്ട്. മികച്ച പ്രവർത്തനത്തിലൂടെ ചരിത്രത്തിലാദ്യമായി വനിത വികസന കോർപ്പറേഷൻ ലാഭ വിഹിതം മുഖ്യമന്ത്രിക്ക് കൈമാറിയ വർഷം കൂടിയാണിത്. നോളജ് ഇക്കോണമി മിഷൻ, കെ ഡിസ്ക്, കുടുംബശ്രീ എന്നീ സ്ഥാപന നങ്ങൾ സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയിൽ വനിത വികസന കോർപ്പറേഷനും ജൻഡർ പാർക്കും ഭാഗമാകും. യോഗ്യതകളും ശേഷിയും അടിസ്ഥാനമാക്കി തൊഴിലവസരങ്ങൾ സൃഷ്ടിച്ച് പ്രാദേശിക സമ്പദ് വ്യവസ്ഥയെ ശക്തിപ്പെടുത്താൻ തൊഴിലരങ്ങത്തേക്ക് എന്ന രണ്ടാം ഘട്ട പദ്ധതിക്ക് കഴിയുമെന്നും മന്ത്രി പറഞ്ഞു.

തിരുവനന്തപുരം ശാസ്ത്ര സാങ്കേതിക മ്യൂസിയം ഹാളിൽ നടന്ന പരിപാടിയിൽ വി കെ പ്രശാന്ത് എം എൽ എ അദ്ധ്യക്ഷത വഹിച്ചു. വനിത വികസന കോർപ്പറേഷൻ എം ഡി ബിന്ദു വി സി, കെ കെ ഇ എം സ്റ്റേറ്റ് പ്രോഗ്രാം മാനേജർ ഡോ. സി മധുസൂദനൻ , കുടുംബശ്രീ മിഷൻ ജില്ല കോർഡിനേറ്റർ ഡോ. ശ്രീജിത്ത് എന്നിവർ സംബന്ധിച്ചു.

ഡോ. പി എസ് ശ്രീകല സ്വാഗതവും കുടുംബശ്രീ സ്റ്റേറ്റ് പോഗ്രാം മാനേജർ സാബു ബി നന്ദിയും അറിയിച്ചു.

# മൂന്നാർ ഹിൽ ഏരിയ അതോറിറ്റി: അന്തിമ വിജ്ഞാപനമായി



**മൂന്നാർ:** മൂന്നാർ അടക്കമുള്ള പഞ്ചായത്തുകളെ ഉൾപ്പെടുത്തി രൂപീകരിക്കുന്ന മൂന്നാർ ഹിൽ ഏരിയ അതോറിറ്റി സംബന്ധിച്ച് സർക്കാർ അന്തിമ വിജ്ഞാപനമിറക്കി. അഡീഷനൽ ചീഫ് സെക്രട്ടറി ശാരദാ മുരളീധരനാണ് ഇതുസംബന്ധിച്ച് കഴിഞ്ഞ ദിവസം അന്തിമ വിജ്ഞാപനമിറക്കിയത്. കഴിഞ്ഞ ഏപ്രിൽ 23ന് ചേർന്ന മന്ത്രിസഭാ യോഗമാണ് മൂന്നാർ ഹിൽ ഏരിയ അതോറിറ്റി രൂപീകരിക്കാൻ തീരുമാനിച്ചത്. അതോറിറ്റി രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് നടപടിക്രമങ്ങൾ ഏകദേശം പൂർത്തിയായതോടെയാണ് സർക്കാർ കഴിഞ്ഞ ദിവസം അന്തിമ വിജ്ഞാപനമിറക്കിയത്.

മൂന്നാർ, ദേവികുളം, മറയൂർ, ഇടമലക്കുടി, വട്ടവട, കാന്തല്ലൂർ, മാങ്കുളം പഞ്ചായത്തുകൾ, ബിഎൽ റാം, മുട്ടുകാട് ഒഴികെയുള്ള ചിന്നക്കനാൽ പഞ്ചായത്ത്, പള്ളിവാസൽ പഞ്ചായത്തിലെ 4, 5 വാർഡുകൾ എന്നിവയാണ് പുതുതായി രൂപീകരിക്കുന്ന മൂന്നാർ ഹിൽ ഏരിയ അതോറിറ്റിയുടെ കീഴിൽ വരുന്ന പ്രദേശങ്ങൾ.

പഞ്ചായത്തുകളുടെ ഒറ്റയ്ക്കുള്ള വികസന പ്രവർത്തനത്തിലുപരിയായി ദീർഘവീക്ഷണത്തോടെ പരിസ്ഥിതി സംരക്ഷിച്ചുകൊണ്ട് സുസ്ഥിര വികസന പ്രവർത്തനങ്ങൾ നടത്തുക, കയ്യേറ്റങ്ങൾ, അനധികൃത നിർമാണങ്ങൾ എന്നിവയ്ക്കെതിരെ കർശന നടപടികളെടുക്കുക തുടങ്ങിയവയാണ് പുതിയ അതോറിറ്റി രൂപീകരണത്തിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. അന്തിമ വിജ്ഞാപനമിറങ്ങിയതോടെ പദ്ധതി നടത്തിപ്പിനുള്ള അംഗങ്ങളെ തിരഞ്ഞെടുക്കുന്നതുൾപ്പെടെയുള്ള നടപടിക്രമങ്ങളിലേക്ക് ഉടൻ കടക്കുമെന്നാണ് കരുതുന്നത്.

പരിസ്ഥിതിലോല മേഖലകൾ ഉൾപ്പെടുന്ന പഞ്ചായത്തുകളുടെ സംരക്ഷണവും വികസനവുമാണ് അതോറിറ്റി രൂപീകരണത്തിലൂടെ സർക്കാർ ലക്ഷ്യമിടുന്നതെന്നാണ് പ്രചാരണമെങ്കിലും മേഖലയിലെ വികസനം ഇല്ലായ്മ ചെയ്ത് ജനജീവിതം ദുസ്സഹമാക്കുകയാണ് ഇതിനു പിന്നിലെ ഗൂഢലക്ഷ്യമെന്നാണ് നാട്ടുകാരുടെ ആരോപണം.

13 പഞ്ചായത്തുകളിൽ കേന്ദ്ര ദുരന്തനിവാരണ അതോറിറ്റിയുടെയും ഹൈക്കോടതിയുടെയും നിർദേശപ്രകാരം കലക്ടർ 13 പഞ്ചായത്തുകളിൽ ഏർപ്പെടുത്തിയ നിർമാണ നിരോധന ഉത്തരവ്, 155 ഹോട്ട് സ്പോട്ടുകൾ എന്നിവ സംബന്ധിച്ച് വിശദീകരിക്കാനും മറ്റുമായി ഉദ്യോഗസ്ഥർക്കുള്ള ക്ലാസുകൾ നാളെ നടക്കും.13 പഞ്ചായത്തുകളിലെ ഉദ്യോഗസ്ഥർ, റവന്യു ഉദ്യോഗസ്ഥർ എന്നിവർക്കായി കലക്ടറേറ്റിലാണ് യോഗം. കേന്ദ്ര ദുരന്തനിവാരണ അതോറിറ്റി ഉൾപ്പെടെയുള്ള ഏജൻസികളുടെ നേതൃത്വത്തിലാണ് ക്ലാസ്. 13 പഞ്ചായത്തുകളിലും 155 ഹോട്ട് സ്പോട്ടുകളിലും നടപ്പാക്കേണ്ട നിയന്ത്രണങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുകയാണ് ലക്ഷ്യമെന്നാണ് സൂചന

## ഓഫ്സെറ്റ് പ്രിന്റിംഗ് 'ടെക്നോളജി കോഴ്സ്

**തിരുവനന്തപുരം:** സാങ്കേതിക വിദ്യാഭ്യാസ വകുപ്പും കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് & ട്രെയിനിംഗും സംയുക്തമായി തിരുവനന്തപുരത്തുള്ള ട്രെയിനിങ് ഡിവിഷനിൽ ആരംഭിച്ച ഒരു വർഷ സർട്ടിഫിക്കറ്റ് ഇൻ ഓഫ്സെറ്റ് പ്രിന്റിംഗ് ടെക്നോളജി കോഴ്സിൽ സീറ്റുകൾ ഒഴിവുണ്ട്. അപേക്ഷകർ പ്ലസ്ടു/വി.എച്ച്.എസ്.ഇ/ഡിപ്ലോമ അഥവാ തത്തുല്യ യോഗ്യത പാസായിരിക്കണം. പട്ടികജാതി /പട്ടികവർഗ/മറ്റർഹ വിഭാഗക്കാർക്ക് നിയമാനുസൃത ഫീസ് സൗജന്യം ലഭിക്കും. പഠനകാലയളവിൽ സ്റ്റൈപ്പന്റ് ലഭിക്കും.

അപേക്ഷകർ വിദ്യാഭ്യാസയോഗ്യത., ജാതി, വരുമാനം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളും സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും പാസ്പോർട്ട് സൈസ് ഫോട്ടോയും സഹിതം കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് & ട്രെയിനിംഗ്, ട്രെയിനിംഗ് ഡിവിഷൻ, സിറ്റി സെന്റർ, പുന്നപുരം. പടിഞ്ഞാറേ കോട്ട, തിരുവനന്തപുരം 695 024 (ഫോൺ : 0471 24367728. 24744720) എന്ന വിലാസത്തിൽ നേരിട്ട് ഹാജരാകണം.

## ബോണ്ടഡ് ലക്ചറർമാരുടെ ഒഴിവ്

**ആലപ്പുഴ:** ഗവൺമെന്റ് നഴ്സിങ് കോളജിൽ 202324 അധ്യയന വർഷം ബോണ്ടഡ് ലക്ചറർമാരുടെ 9 ഒഴിവുകളിൽ വാക്ഇൻഇന്റർവ്യൂ നടത്തും.

പ്രതിമാസ സ്റ്റൈപന്റ് 20500 രൂപ. ബി.എസ്സി നഴ്സിങ് വിജയിച്ച കെ.എൻ.എം.സി രജിസ്ട്രേഷനുള്ളവർക്ക് അപേക്ഷിക്കാം. പ്രായം 40 ൽ താഴെയായിരിക്കണം. എസ്.സി/എസ്.ടി ഉദ്യോഗാർഥികൾക്ക് നിയമാനുസൃത വയസിളവുണ്ട്.

വിശദമായ ബയോഡേറ്റയും തിരിച്ചറിയൽ രേഖ, യോഗ്യത, വയസ്, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന ഒറിജിനൽ സർട്ടിഫിക്കറ്റുകളുമായി 7 ന് രാവിലെ 11 ന് ആലപ്പുഴ ഗവ. നഴ്സിങ് കോളജിൽ എത്തണം.

## ഡിപ്ലോമ ഇൻ ഇൻഡസ്ട്രിയൽ സേഫ്റ്റി എൻജിനിയറിങ്

**തിരുവനന്തപുരം:** സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കളമശ്ശേരിയിലെ സൂപ്പർവൈസറി ഡെവലപ്മെന്റ് സെന്ററിൽ (എസ്.ഡി സെന്റർ) ഒരു വർഷത്തെ അഡ്വാൻസ്ഡ് ഡിപ്ലോമ ഇൻ ഇൻഡസ്ട്രിയൽ സേഫ്റ്റി എൻജിനിയറിങ് (പാർട്ട് ടൈം ബാച്ച്) സായാഹ്ന ഡിപ്ലോമ കോഴ്സിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ 15 നകം നൽകണം അപേക്ഷാഫോമും പ്രോസ്പെക്ടസും സൂപ്പർവൈസറി ഡെവലപ്മെന്റ് സെന്ററിൽ നിന്നും ലഭിക്കും.

എൻജിനിയറിങ് ഡിഗ്രി, ഡിപ്ലോമ, ബി.എസ്സി (ഫിസിക്സ്, കെമിസ്ട്രി) കോഴ്സുകൾ പാസായവർക്ക് അപേക്ഷിക്കാം. തൊഴിൽ പരിചയമുള്ളവർക്ക് മുൻഗണന ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക്: 04842556530, 9447368199.



# കുട്ടികളുടെ പാർക്ക് നശിക്കുന്നു

**ചിറ്റൂർ:** കുട്ടികൾക്കു വേണ്ടി നിർമിച്ച പാർക്ക് അവഗണനയിലെന്നു പരാതി. ചിറ്റൂർ തത്തമംഗലം നഗരസഭ അങ്കണത്തിലുള്ള കിളിക്കൂട് ആണ് പാഴ്ച്ചെടികൾ വളർന്നും വൃത്തിയാക്കാതെയും നശിക്കുന്നത്. പാർക്കിന്റെ ഒരുവശത്തായി നിർമിച്ച ചെറിയ കുളത്തിലെ വെള്ളം അഴുക്കും പായലും നിറ!ഞ്ഞുകിടക്കുകയാണ്. അതിൽ കൂത്താടികൾ മുട്ടയിട്ടു പെരുകുന്നതായും പരാതിയുണ്ട്.

പാർക്കിനകത്തെ വഴിവിളക്കുകൾ തകർന്നു കിടക്കുന്നു. കുട്ടികൾക്കു കളിക്കാനുള്ള സാമഗ്രികൾ പലതും തകർന്ന നിലയിലാണ്. പാഴ്ച്ചെടികൾ വളർന്നു നിൽക്കുന്നതിനാൽ ഇഴജന്തുക്കളുടെ ശല്യവുമുണ്ടത്രേ. പാർക്ക് ആഴ്ചയിൽ 2 തവണ വൃത്തിയാക്കാറുണ്ടെന്നും കേടായ സാമഗ്രികൾ നന്നാക്കാനുള്ള നടപടി സ്വീകരിക്കുമെന്നും നഗരസഭാധ്യക്ഷ കെ.എൽ.കവിത പറഞ്ഞു.

# കാലാവസ്ഥാ വ്യതിയാനം: മാടായിപ്പാറ കരിഞ്ഞുണങ്ങി

**പഴയങ്ങാടി:** പൊന്നിൻ ചിങ്ങമാസം പൂത്തുലഞ്ഞു നിൽക്കുന്ന മാടായി പാറ കരിഞ്ഞുണങ്ങി. കാലാവസ്ഥ വ്യതിയാനം ഇക്കുറി ജൈവ വൈവിധ്യങ്ങളുടെ മാടായി പാറയെയും കരിഞ്ഞുണക്കി. കർക്കടക മാസം പിറക്കുമ്പോൾ തന്നെ മാടായി പാറ പച്ചപ്പ് അണിഞ്ഞു നിൽക്കുന്ന കാഴ്ച ആണ്. കർക്കിടകം പകുതി ആകുമ്പോൾ വിവിധ തരത്തിലുള്ള പൂക്കൾ കൊണ്ട് നിറയും. കർക്കടകത്തിൽ മഴ കനത്തപ്പോൾ കാക്കപ്പൂവ്, കൃഷ്ണപ്പൂവ് എന്നിവ ഉണ്ടായിരുന്നു. തുമ്പപ്പൂവിന്റെ വലിയ കൂട്ടം തന്നെ കാണാമായിരുന്നു.

എന്നാൽ മഴ കുറഞ്ഞത് ജൈവ വൈവിധ്യത്തിനുതന്നെ ഭീഷണി ആയി. പാറയ്ക്ക് ചുറ്റുമുള്ള പ്രദേശങ്ങളുടെ ജല സംഭരണി കൂടി ആണ് പാറ. അത്രയേറെ ജലം പാറയിൽ സൂക്ഷിക്കപ്പെടും.പാറയിലേ തവരത്തടം പറമ്പിലെ ജൈവ പച്ചക്കറി കൃഷി, മറ്റ് കാർഷിക വിള എന്നിവയ്ക്കും കാലാവസ്ഥ വ്യതിയാനം ഭീഷണിയായി പലതും കരിഞ്ഞുണങ്ങി. ഇത്ര നേരത്തെ പാറ കരിഞ്ഞുണങ്ങിയ കാഴ്ച അടുത്ത കാലത്തൊന്നും ഉണ്ടായിട്ടില്ലെന്ന് പറയുന്നു. മഴ ഇനിയും ലഭിച്ചില്ലെങ്കിൽ സ്ഥിതി ഗുരുതരമാകും.



# മലങ്കര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിൽ പാഴായത് വർഷങ്ങൾ; ചോർന്നത് ലക്ഷങ്ങൾ

**പനമരം:** പ്രതികൂല കാലാവസ്ഥയിൽ കർഷകർക്ക് ഏറെ ഉപകാരപ്പെടേണ്ടിയിരുന്നു മലങ്കര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി മൂന്നു പതിറ്റാണ്ട് കഴിഞ്ഞിട്ടും പൂർത്തിയായില്ല. 33 വർഷത്തിനിടെ 70 ലക്ഷം രൂപയോളം പൊടിച്ചിട്ടും പണി തീരാത്ത പദ്ധതി കോടികൾ മുടക്കി വീണ്ടും പുനരാരംഭിക്കുമെന്നു പറഞ്ഞെങ്കിലും കർഷകരുടെ കാത്തിരിപ്പ് നീളുകയാണ്. ഉദ്യോഗസ്ഥ അനാസ്ഥയാണ് പദ്ധതി പരാജയപ്പെടാനും അട്ടിമറിക്കപ്പെടാനും ഇടയായതെന്നു കർഷകർ പറയുന്നു.

1990 ആദ്യഘട്ടത്തിൽ 24 ലക്ഷം രൂപ അനുവദിച്ച് തുടങ്ങിയ പദ്ധതിയാണ് വീണ്ടും ലക്ഷങ്ങൾ അനുവദിച്ചിട്ടും സമയത്ത് പൂർത്തീകരിക്കാത്തതിനാൽ പൈപ്പുകളും, മോട്ടറുകളും അടക്കം ലക്ഷക്കണക്കിന് രൂപയുടെ ഉപകരണങ്ങൾ ആർക്കും ഉപകാരപ്പെടാത്ത രീതിയിൽ തുരുമ്പെടുത്തു നശിക്കുന്നത്. പമ്പ് ഹൗസും ട്രാൻസ്ഫോമറുകളും കാടുമൂടിയ അവസ്ഥയിലാണ്.

പഞ്ചായത്തിലെ 18ാം വാർഡ് മലങ്കരയിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ആരംഭിച്ചത് പ്രദേശത്തെ 280 ഏക്കർ സ്ഥലത്തെ നെൽക്കൃഷിയിലും 150 ഏക്കർ കരഭൂമിയിലും വെള്ളം എത്തിക്കുന്നതിന് പുറമേ 650 കുടുംബങ്ങളുടെ ജലക്ഷാമം പരിഹരിക്കുക എന്ന ലക്ഷ്യത്തോടെയാണ്. 1991 ൽ പൂർത്തിയാക്കേണ്ടിയിരുന്ന പദ്ധതിയാണ് 32 വർഷം കഴിഞ്ഞിട്ടും പാതിവഴി പോലും എത്താതെ അനിശ്ചിതത്വത്തിലായത്.

കർഷകർക്ക് ഏറെ ഗുണകരമാകേണ്ട മലങ്കര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ഉദ്യോഗസ്ഥരും കരാറുകാരും ചേർന്ന് അട്ടിമറിച്ചതായി കർഷകർ പറയുന്നു. പദ്ധതിക്കായി മലങ്കര പുഴക്കരയിൽ കെട്ടിടവും ടാങ്കും 2ഭാഗത്തേക്കായി കനാലും ഇലക്ട്രിക്കൽ വർക്കുകളും പൂർത്തിയാക്കി 100 എച്ച്പിയുടെ 3 മോട്ടറുകളും ഇറക്കിയിരുന്നു. വൈദ്യുതി ലഭ്യമാക്കുന്നതിനായി ട്രാൻസ്ഫോമറും ഇറക്കിയെങ്കിലും സ്ഥാപിക്കാത്തതിനാൽ വെള്ളം കയറി നശിച്ചു. പിന്നീട് മറ്റൊരു ട്രാൻസ്ഫോമർ എത്തിച്ച് സ്ഥാപിക്കുകയും ചെയ്തു.

ആദ്യം അനുവദിച്ച ലക്ഷങ്ങൾക്കു പുറമേ പദ്ധതി പൂർത്തീകരിക്കാൻ 5 വർഷം മുൻപ് 21 ലക്ഷം കൂടി അനുവദിച്ചെങ്കിലും പണി ആരംഭിക്കാനുള്ള നടപടിയുണ്ടായില്ല. പമ്പ് ഹൗസിലെ അനുബന്ധ ഉപകരണങ്ങൾ ഫിറ്റ് ചെയ്യും മുൻപ് തന്നെ മോട്ടറുകളുടെ ഉപയോഗ കാലാവധിയും കഴിഞ്ഞിരുന്നു. ആവശ്യമായ ഫണ്ടും മറ്റു സൗകര്യങ്ങളും ഒരുക്കിയിട്ടും പദ്ധതി എന്തുകൊണ്ട് പൂർത്തീകരിച്ചില്ല എന്ന ചോദ്യത്തിന് ഉത്തരവാദപ്പെട്ടവർക്കു കൃത്യമായ മറുപടിയില്ല.

പണിതീരാത്ത പദ്ധതി പൂർത്തീകരിക്കാൻ സർക്കാർ ഒരു വർഷം മുൻപ് ഒന്നരക്കോടിയിലേറെ തുക വകയിരുത്തുകയും ഇതിന്റെ ഭാഗമായി മാസങ്ങൾക്ക് മുൻപ് വീണ്ടും എൻജിനീയർമാർ അടക്കമുള്ള സംഘം സ്ഥലത്തെത്തി പരിശോധന നടത്തുകയും ചെയ്തിരുന്നു. എന്നാൽ നിലവിലുള്ള ഉപകരണങ്ങൾ ഒരു കാരണവശാലും ഉപയോഗിക്കാൻ സാധ്യമല്ലെന്നു കണ്ടെത്തിയതിനെ തുടർന്നു പുതിയ ഉപകരണങ്ങൾ വാങ്ങി കെട്ടിടം നിർമിച്ച് പദ്ധതി നടപ്പിലാക്കുന്നതിനായി 3.85 കോടിയുടെ എസ്റ്റിമേറ്റ് തയാറാക്കി സർക്കാരിനു സമർപ്പിച്ചെങ്കിലും അനുമതിയായില്ലെന്നു നാട്ടുകാർ പറയുന്നു.

# കേരഫെഡ്: നാളികേരത്തിന്റെ വില ലഭിക്കാതെ കർഷകർ

കാസർകോട്: സഹകരണ സംഘങ്ങൾ മുഖേന കേരഫെഡ് സംഭരിച്ച നാളികേരത്തിന്റെ വില കിട്ടാതെ കർഷകർ. കഴിഞ്ഞ ജൂൺ 10നു ശേഷമുള്ള തുകയാണു കുടിശ്ശികയായി കിടക്കുന്നത്. ഒരു കോടിയിലേറെ രൂപ ഇത്തരത്തിൽ ജില്ലയിൽ മാത്രം കർഷകർക്കു നൽകാനുണ്ടെന്നാണു സൂചന. സാധാരണ രണ്ടാഴ്ചക്കുള്ളിൽ തുക കിട്ടാറുണ്ടായിരുന്നതാണ്. എന്നാൽ ഇപ്പോൾ രണ്ടര മാസത്തിലേറെ വൈകുന്നതു കർഷകരെ വലിയ തോതിൽ പ്രതിസന്ധിയിലാക്കി. ഒന്നിലേറെ തവണ കൃഷിഭവനും സംഭരണ കേന്ദ്രങ്ങളും കയറിയിറങ്ങി രേഖകളെല്ലാം ഹാജരാക്കിയാലാണു കർഷകനു നാളികേരം വിൽക്കാൻ സാധിക്കുന്നത്.

എന്നിട്ടും കൃത്യസമയത്തു തുക നൽകാതായതോടെ കർഷകർ സ്വകാര്യ വിപണിയെ ആശ്രയിക്കേണ്ട ഗതികേടിലാണ്. പൊതുവിപണിയിൽ ഒരു കിലോ പച്ചത്തേങ്ങയ്ക്ക് 26 രൂപയാണു വില. അതേസമയം കേരഫെഡ് സംഭരിക്കുന്നത് 34 രൂപയ്ക്കും. ഇതുകൊണ്ടാണു പ്രയാസങ്ങൾ സഹിച്ചും കർഷകർ തേങ്ങ നൽകുന്നത്. ഒരു തെങ്ങിനു പ്രതിവർഷം 70 തേങ്ങ ഉൽപാദനം കണക്കാക്കി അതിന്റെ ആറിലൊന്നാണ് ഒരു തവണ കർഷകനിൽ നിന്നു കേരഫെഡ് സംഭരിക്കുക. ഈ മാനദണ്ഡം തന്നെ കർഷകരെ സംബന്ധിച്ചു പ്രായോഗികമല്ല. തൊഴിലാളിക്ഷാമവും മറ്റും കാരണം മൂന്നോ നാലോ മാസത്തിലൊരിക്കലാണു തേങ്ങയിടുന്നത്.

പച്ചത്തേങ്ങയ്ക്കു പൊതുവിപണിയിൽ ഒരാഴ്ചയ്ക്കിടെ കുറഞ്ഞത് കിലോയ്ക്ക് ഒന്നര രൂപ. ഓണത്തിനു മുൻപു കിലോയ്ക്ക് 27.50 രൂപയായിരുന്നു വിലയുണ്ടായിരുന്നത്. ഇപ്പോഴതു കുറഞ്ഞ് 26 രൂപയായി. കൊപ്രയ്ക്കും 5 രൂപയിലേറെ കുറഞ്ഞു. പൊതുവിപണിയിലെ വില കൂടി ഉയർത്തുക എന്ന ഉദ്ദേശ്യത്തോടെയാണു കേരഫെഡ് മുഖേന സർക്കാർ സംഭരണം തുടങ്ങിയത്.





# പത്തനംതിട്ടയിൽ റെക്കോർഡ് മഴ; മലയോരത്ത് മണ്ണിടിച്ചിലും മലവെള്ളപ്പാച്ചിലും

**പത്തനംതിട്ട:** മഴയുടെ ശക്തി കുറഞ്ഞെങ്കിലും കുറഞ്ഞ സമയപരിധിയിൽ പെയ്തിറങ്ങിയത് റെക്കോർഡ് മഴ. ഞായാറാഴ്ച രാത്രി അരുവാപ്പുലം പഞ്ചായത്തിലെ കരിപ്പാൻതോട് വനമേഖലയിൽ അതിതീവ്ര മഴ പെയ്തു.

ഇന്നലെ രാവിലെ വരെയുള്ള കണക്കിൽ കരിപ്പാൻതോട്ടിൽ ലഭിച്ചത് 28.2 സെൻറിമീറ്റർ മഴയാണ്. ഇക്കൊല്ലത്തെ റെക്കോർഡ് മഴയാണിത്. ഞായറാഴ്ച രാവിലെ 8.30 മുതൽ ഇന്നലെ രാവിലെ 8.30 വരെ പെയ്ത മഴയുടെ കണക്കാണ് വിവിധ മഴമാപിനികളിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

തണ്ണിത്തോട് പഞ്ചായത്തിലെ മണ്ണീറയിൽ 23 സെൻറിമീറ്റർ മഴ ലഭിച്ചു. മൂഴിയാറിൽ 17.9 സെൻറിമീറ്ററും നീരാമക്കുളത്ത് 16 സെൻറിമീറ്ററും മഴ രേഖപ്പെടുത്തി.

തവളപ്പാറ 15.7, ചെറുകുളഞ്ഞി 14.8, കുമ്മണ്ണൂർ 14.1, മുള്ളുമല 13.2, കുന്നന്താനം, കക്കി 12.4, തിരുവല്ല 11.3 സെൻറിമീറ്റർ എന്നിങ്ങനെയും മഴ രേഖപ്പെടുത്തി. തുടർച്ചയായ രണ്ടാംദിവസമാണ് മലയോര മേഖലയിൽ മഴ ശക്തമായി പെയ്തത്.

ജലനിരപ്പ് ഉയർന്നതിനെത്തുടർന്ന് തുറന്ന മൂഴിയാർ, മണിയാർ, കാരിക്കയം ഡാമുകൾ ഇന്നലെ രാവിലെ അടച്ചു. ജില്ലയിൽ ഇന്ന് തീവ്ര മഴയുണ്ടാകുമെന്ന് മുന്നറിയിപ്പുണ്ട്. മണിയാർ ബാരേജിലെ രണ്ട് ഷട്ടറുകളും മൂഴിയാറിലെ ഒരു ഷട്ടറുമാണ് ഞായറാഴ്ച രാത്രി തുറന്നത്. കാരിക്കയത്തെ ഷട്ടറും ഉയർത്തിയിരുന്നു.

ജില്ലയിൽ ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചതിനാൽ ദുരന്തനിവാരണ വിഭാഗം ജാഗ്രതാ നിർദേശം നൽകി. കിഴക്കൻ ഉൾവനങ്ങളിലും ഡാമുകളുടെ വൃഷ്ടിപ്രദേശങ്ങളിലുമാണ് കഴിഞ്ഞ ദിവസം കനത്ത മഴ പെയ്തത്. ശബരിഗിരി ജലവൈദ്യുത പദ്ധതിയുടെ സംഭരണികളിലെ ജലനിരപ്പ് കാര്യമായി ഉയർന്നിട്ടില്ല. 35 ശതമാനത്തിൽ താഴെയാണ് ഇപ്പോഴും ജലനിരപ്പ്.

മണ്ണിടിച്ചിലിനേ തുടർന്ന് ഒറ്റപ്പെട്ട ഗവിയിലേക്കുള്ള കെഎസ്ആർടിസി സർവീസുകൾ പുനരാരംഭിച്ചു. ടൂറിസം സർവീസുകൾക്ക് വിലക്കേർപ്പെടുത്തിയിട്ടുണ്ട്. കക്കി, ആനത്തോട് മേഖലയിലാണ് മണ്ണിടിച്ചിലുണ്ടായത്. കഴിഞ്ഞ ദിവസം കുമളിയിൽ നിന്നു പത്തനംതിട്ടയ്ക്ക് വരികയായിരുന്ന കെഎസ്ആർടിസി ബസ് റോഡിലെ ചെളിയിൽ പുതഞ്ഞിരുന്നു.

# അർബൻ ഗ്രാമീൺ സൊസൈറ്റി ഗോൾഡ് ലോണിൻെറ കോർപ്പറേറ്റ് ഓഫീസ് മണ്ണാർക്കാട് പ്രവർത്തനം തുടങ്ങി

**മണ്ണാർക്കാട് :** ചുരുങ്ങിയ കാലം കൊണ്ട് പാലക്കാടിൻറെ ധനകാര്യ ഭൂപടത്തിൽ വ്യക്തമായ സ്ഥാനം നേടിയെടുത്ത യുജിഎസ് ഗ്രൂപ്പിൻറെ അർബൻ ഗ്രാമീൺ സൊസൈറ്റി ഗോൾഡ് ലോൺ കോർപ്പറേറ്റ് ഓഫീസ് മണ്ണാർക്കാട് പള്ളിപ്പടി കസാമിയ കോംപ്ലക്സിൽ ഇന്നലെ രാവിലെ തുറന്ന് പ്രവർത്തനമാരംഭിച്ചു.



മന്ത്രി അഹമ്മദ് ദേവർ കോവിൽ ഓഫീസ് ഉദ്ഘാടനം ചെയ്തു. യുജിഎസ് ഗ്രൂപ്പ് മാനേജിംഗ് ഡയറക്ടർ അജിത്ത് പാലാട്ട് അധ്യക്ഷത വഹിച്ചു. എൻ. ഷംസുദ്ധീൻ എംഎൽഎ സ്ട്രോംഗ് റൂം ഉദ്ഘാടനം ചെയ്തു. മണ്ണാർക്കാട് മുനിസിപ്പൽ ചെയർമാൻ സി. മുഹമ്മദ് ബഷീർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് വി. പ്രീത, വൈസ് പ്രസിഡൻറ് ബഷീർ തെക്കൻ, മുനിസിപ്പൽ വൈസ് ചെയർപേഴ്സൺ പ്രസീത, ഗിന്നസ് റെക്കോർഡ് ജേതാവും സംവിധായകനുമായ വിജീഷ് മണി, യുജിഎസ് ചെർപ്പുളശേരി ബ്രാഞ്ച് മാനേജർ എൻ.പി. അഫ്സൽ, മുൻസിപ്പൽ കൗൺസിലർമാർ തുടങ്ങിയവർ പ്രസംഗിച്ചു.

ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യ ബോർഡ് മെമ്പറും അഡ്വൈസറി ബോർഡ് മൈനൊരിറ്റി കമ്മിഷൻ അംഗവുമായ വർഗീസ് കുര്യൻ, സാംസ്കാരിക പ്രവർത്തകൻ കെപിഎസ് പയ്യനെടം, കർമ്മശ്രേഷ്ഠ അവാർഡ് ജേതാവ് അച്യുതൻ പനച്ചികുത്ത് എന്നിവരെ ആദരിച്ചു.

കൂടാതെ യുജിഎസ് ഗ്രൂപ്പിൻറെ 20222023 സാമ്പത്തിക വർഷത്തിൽ മികച്ച പ്രവർത്തനം കാഴ്ചവച്ച ജീവനക്കാരെ എൻ. ഷംസുദ്ദീൻ എംഎൽഎ മൊമെൻറോ നല്കി ആദരിച്ചു. മണ്ണാർക്കാട് മുൻസിപ്പാലിറ്റിയിലെ 25 വാർഡുകളിലെയും തെരഞ്ഞെടുത്തവർക്കുള്ള പെൻഷനും ഭക്ഷ്യധാന്യ കിറ്റും ഓണക്കോടിയും ചടങ്ങിൽ വിതരണം ചെയ്തു. കോർപ്പറേറ്റ് ഓഫീസ് ഉദ്ഘാടനം പ്രമാണിച്ച് ഡെപ്പോസിറ്റ് ചെയ്യുന്നവർക്ക് ഒരു വർഷത്തെ പലിശ അഡ്വാൻസായി നല്കുമെന്ന് എംഡി അജിത് പാലാട്ട് പറഞ്ഞു.

## ഭിന്നശേഷി വിദ്യാർഥികൾക്കുള്ള ബീറ്റ്സ് പദ്ധതിക്ക് തുടക്കമായി

**കോഴിക്കോട്:** ഭിന്നശേഷി വിദ്യാർഥികൾക്കുള്ള നീന്തൽ പരിശീലന പദ്ധതിയായ ബീറ്റ്സിൻറെ ജില്ലാതല ഉദ്ഘാടനം പൊതുമരാമത്ത് ടൂറിസം വകുപ്പ് മന്ത്രി പി.എ. മുഹമ്മദ് റിയാസ് നിർവഹിച്ചു. ഇത്തരം പ്രവർത്തനങ്ങൾക്ക് സർക്കാരിൻറെ ഭാഗത്തുനിന്നും എല്ലാ പിന്തുണയും ഉണ്ടാകുമെന്ന് മന്ത്രി പറഞ്ഞു. ബീറ്റ്സ് പദ്ധതി എല്ലാവർക്കും മാതൃകാപരമായ പ്രവർത്തനമാണ്.

ഇതിന് പിന്നിൽ പ്രവർത്തിച്ച എല്ലാവരെയും പ്രത്യേകം അഭിനന്ദിക്കുന്നതായും അദ്ദേഹം പറഞ്ഞു. സമഗ്ര ശിക്ഷാ കോഴിക്കോടിൻറെ നേതൃത്വത്തിലാണ് ഭിന്നശേഷി കുട്ടികൾക്കുള്ള നീന്തൽ പരിശീലനം ബീറ്റ്സ് ആരംഭിക്കുന്നത്. ഭിന്നശേഷി കുട്ടികളുടെ ജീവിത നൈപുണി വികസിപ്പിക്കുക, പ്രകൃതി ദുരന്തങ്ങളിൽ നിന്നുള്ള അതിജീവനത്തിന് അവരെ പ്രാപ്തമാക്കുക എന്നിവയാണ് ബീറ്റ്സ് പദ്ധതിയുടെ ലക്ഷ്യം. സംസ്ഥാനത്ത് ആദ്യമായാണ് പൊതു വിദ്യാഭ്യാസ വകുപ്പ് ഇത്തരമൊരു പദ്ധതി ഭിന്നശേഷി വിദ്യാർഥികൾക്കായി നടപ്പാക്കുന്നത്.

ഈസ്റ്റ് നടക്കാവ് സ്പോർട്സ് കൗൺസിൽ സ്വിമ്മിംഗ് പൂളിൽ നടന്ന ചടങ്ങിൽ ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡൻറ് ഒ. രാജഗോപാൽ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ ടി.ശാദിയ ബാനു, എസ്എസ്കെ ജില്ലാ പ്രോഗ്രാം ഓഫീസർ കെ.എൻ.സജീഷ് നാരായൺ, ബ്ലോക്ക് പ്രോജക്ട് കോർഡിനേറ്റർ വി. ഹരീഷ്, ഇക്വിബ്ബീയിംഗ് ഫൗണ്ടേഷൻ പ്രോഗ്രാം ഡയറക്ടർ എം.എച്ച്. മുഹമ്മദ് അഫ്സൽ, എസ്എസ്കെ ജില്ലാ പ്രൊജക്ട് കോർഡിനേറ്റർ ഡോ. എ.കെ. അബ്ദുൾ ഹക്കീം, ജില്ലാ പ്രോഗ്രാം ഓഫീസർ വി.ടി. ഷീബ എന്നിവർ സംസാരിച്ചു.

## വനിതാ വികസന കോർപറേഷന്റെ ലാഭവിഹിതം മുഖ്യമന്ത്രിക്ക് കൈമാറി

**തിരുവനന്തപുരം:** സംസ്ഥാന വനിത വികസന കോർപറേഷന്റെ 202122 വർഷത്തെ ലാഭവിഹിതം മുഖ്യമന്ത്രി പിണറായി വിജയന് ആരോഗ്യ വനിത ശിശുവികസന വകുപ്പ് മന്ത്രി വീണാ ജോർജ് കൈമാറി. കേരള സർക്കാരിന്റെ ലാഭവിഹിതമായ 27,75,610 രൂപയാണ് മുഖ്യമന്ത്രിക്ക് കൈമാറിയത്. പൊതുമേഖലയുടെ വികസനവും സംരക്ഷണവും മുൻനിർത്തി പ്രവർത്തിച്ചു വരുന്ന കോർപറേഷൻ 35 വർഷത്തെ പ്രവർത്തന ചരിത്രത്തിൽ ആദ്യമായാണ് സർക്കാരിന് ലാഭവിഹിതം കൈമാറുന്നത്. വനിത വികസന കോർപറേഷൻ മാനേജിംഗ് ഡയറക്ടർ വി.സി. ബിന്ദു ഒപ്പമുണ്ടായിരുന്നു.

സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണം മുൻനിർത്തി പ്രവർത്തിച്ചു വരുന്ന സംസ്ഥാന വനിതാ വികസന കോർപറേഷൻ വലിയ പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. സംസ്ഥാനത്തെ വനിത/ട്രാൻസ്ജെൻഡർ സംരംഭകർക്ക് വായ്പ നൽകുന്നതിൽ കേരള സംസ്ഥാന വനിതാ വികസന കോർപറേഷൻ റെക്കോഡിട്ടിരുന്നു. 202223 സാമ്പത്തിക വർഷത്തിൽ 260.75 കോടി രൂപ വനിതാ വികസന കോർപറേഷൻ വായ്പ വിതരണം ചെയ്തു. 35 വർഷത്തെ പ്രവർത്തനത്തിൽ കോർപറേഷൻ വായ്പ നൽകിയ ഏറ്റവും ഉയർന്ന പ്രതിവർഷ തുകയാണിത്. 140 കോടി രൂപയിൽ നിന്നും സർക്കാർ ഗ്യാരണ്ടി 845.56 കോടി രൂപയായി ഉയർത്തിയാണ് വായ്പാ വിതരണത്തിൽ റെക്കോർഡ് നേട്ടം കൈവരിച്ചത്. 70,582 തൊഴിലവസരങ്ങളാണ് കോർപറേഷൻ കഴിഞ്ഞ രണ്ടു വർഷത്തെ പ്രവർത്തനങ്ങളിലൂടെ സൃഷ്ടിച്ചതെന്നും മന്ത്രി വ്യക്തമാക്കി.

## സമഗ്ര പേവിഷ നിയന്ത്രണ പദ്ധതി: പ്രതിരോധ കുത്തിവെയ്പ് തീവ്രയജ്ഞത്തിന് തുടക്കമായി

**തൃശൂർ:** തെരുവ്നായ പേവിഷ പ്രതിരോധ കുത്തിവെയ്പ് തീവ്രയജ്ഞ പരിപാടിയുടെ ജില്ലാതല ഉദ്ഘാടനം പട്ടികജാതി പട്ടികവർഗ വികസന ,ദേവസ്വം, പാർലിമെന്ററി കാര്യ വകുപ്പ് മന്ത്രി കെ രാധാകൃഷ്ണൻ നിർവഹിച്ചു. എല്ലാ തെരുവ് വളർത്തു നായ്ക്കൾക്കും വാക്സിനേഷൻ നൽകണമെന്നും സെപ്റ്റംബർ കഴിയുമ്പോൾ ഓരോ വാർഡിലും നൽകിയ കുത്തിവെയ്പ്പുകളുടെ കണക്ക് ലഭ്യമാക്കണമെന്നും മന്ത്രി നിർദ്ദേശിച്ചു.

ആൾതാമസമില്ലാത്ത കേന്ദ്രങ്ങളിൽ എബിസി സെന്ററുകൾ ആരംഭിച്ചാൽ തെരുവ് നായ്ക്കളുടെ വർദ്ധനവ് ഇല്ലാതാക്കാൻ കഴിയും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൂട്ടായി പ്രവർത്തിച്ചാൽ ഒരുപരിധിവരെ തെരുവ്നായ ശല്യത്തിൽ നിന്നും സംരക്ഷണം നേടാനാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ചേലക്കര വൈറ്ററിനറി അങ്കണത്തിൽ നടന്ന പരിപാടിയിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി കെ ഡേവിസ് മാസ്റ്റർ അധ്യക്ഷനായി.

## അസാപ്പിൽ ഇംഗ്ലീഷ് ട്രെയിനർ പരിശീലനം

**കൊച്ചി:** സംസ്ഥാന സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള അസാപ് കേരളയുടെ കളമശ്ശേരി കമ്മ്യൂണിറ്റി സ്കിൽ പാർക്കിൽ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ട്രെയിനർ കോഴ്സിലേക്ക് അഡ്മിഷൻ ആരംഭിച്ചു. കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ട്രെയിനർ 400 മണിക്കൂർ ട്രെയിനിങ് പ്രോഗ്രാം ആണ്. ഇത് പൂർത്തിയാക്കുന്നവർക്ക് വിവിധ സ്ഥാപനങ്ങളിൽ സോഫ്റ്റ് സ്കിൽ ട്രെയിനറായി, ഫ്രീലാൻഡ് ട്രെയിനറായി ജോലി ചെയ്യുവാൻ സാധിക്കും. കേന്ദ്ര സർക്കാർ അംഗീകൃത എൻ.എസ്.ഡി.സി, എൻ.എസ്.ക്യൂ.എഫ് ലെവൽ 5 സർട്ടിഫിക്കറ്റ് ലഭിക്കും. 18 വയസ് തികഞ്ഞ ബിരുദധാരികൾക്ക് അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് കമ്മ്യൂണിറ്റി സ്കിൽ പാർക്ക് സന്ദർശിക്കുകയോ 9495219570 നമ്പറിൽ ബന്ധപെടുകെയോ ചെയ്യുക.

## എൽ.പി സ്കൂൾ ടീച്ചർ (മലയാളം) ഇന്റർവ്യൂ 8ന്

**കൊച്ചി:** എറണാകുളം ജില്ലയിൽ എൽ.പി സ്കൂൾ ടീച്ചർ (മലയാളം) ഫസ്റ്റ് എൻഡിഎ ഹിന്ദു നാടാർ (കാറ്റഗറി നമ്പർ 545/2021) നേരിട്ടുള്ള നിയമനം തസ്തികയിലേക്കുള്ള ഇന്റർവ്യൂ സെപ്റ്റംബർ 8ന് രാവിലെ 9:30 ന് പബ്ലിക് സർവ്വീസ് കമ്മീഷൻ തൃശൂർ ജില്ലാ ആഫീസിൽ നടത്തും. ഉദ്യോഗാർത്ഥികൾക്കുള്ള അഡ്മിഷൻ ടിക്കറ്റ് പ്രൊഫൈലിൽ നിന്ന് ഡൗൺലോഡ് ചെയ്ത് എടുക്കാം.

## ഭൂമി ലേലം

**കൊച്ചി:** സംസ്ഥാന ഭവന നിർമ്മാണ ബോർഡ് എറണാകുളം ഡിവിഷന്റെ കീഴിലുള്ള ഇടപ്പള്ളി ഹൗസിംഗ് സ്കീമിലെ ജവാൻ ക്രോസ് റോഡിനോട് ചേർന്നുള്ള 70 മീറ്റർ സ്ക്വയർ ഭൂമിയുടെ പുനർ ലേലം സെപ്റ്റംബർ 13ന് പകൽ 11.30 ന് എറണാകുളം ഡിവിഷൻ ഓഫീസിൽ നടത്തും. വിശദ വിവരങ്ങൾക്ക് ഫോൺ 0484 2369059

## ജില്ലാതല ടെക്നിക്കൽ കമ്മിറ്റി രൂപീകരണം

കൊച്ചി: ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡവലവ്മെന്റ് ആന്റ് എഞ്ചിനീയറിംഗ് വിംഗ് എറണാകുളം ജില്ലാ ഡിവിഷന്റെ നേതൃത്വത്തിലുള്ള ഇലക്ട്രിക്കൽ കമ്മിറ്റിയുടെ ഫോറത്തിൽ അംഗങ്ങളാകാൻ താത്പര്യമുള്ള പൊതുമരാമത്ത് (ഇലക്ട്രിക്കൽ), കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് എന്നിവിടങ്ങളഇൽ നിന്നും വിരമിച്ചവരുമായ ഉദ്യോഗസ്ഥരെയും കൂടാതെ ബിടെക് ഇലക്ട്രിക്കൽ ബിരുദവും, ഇലക്ട്രിക്കൽ ലൈസൻസ് ഉള്ളവരെയും ആവശ്യമു്. കൂടുതൽ വിവരങ്ങൾക്ക് തസ്ഥവ ഡിവിഷൻ എറണാകുളം പഞ്ചായത്ത് കാര്യാലയവുമായി ബന്ധപ്പെടണം.

## ഐ ടി പ്രൊഫഷണൽ ഒഴിവ്

**കൊച്ചി:** പ്രധാൻ മന്ത്രി ആവാസ് യോജന (ഗ്രാമീൺ) പദ്ധതിയിൽ കരാർ അടിസ്ഥാനത്തിൽ ഐ ടി പ്രൊഫഷണൽ തസ്തികയിൽ നിലവിലുള്ള ഒരു ഒഴിവിലേക്ക് ബി.ടെക് / എം.ടെക് ( ഐ.ടി / കമ്പ്യൂട്ടർ സയൻസ് ) വിദ്യാഭ്യാസ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. കേന്ദ്രാവിഷ്കൃത പദ്ധതികളുമായി ബന്ധപ്പെട്ട പ്രവർത്തിപരിചയം ഉള്ളവർക്ക് മുൻഗണന ലഭിക്കും. സെപ്റ്റംബർ 12 നു മുൻപായി അപേക്ഷ സമർപ്പിക്കേതാണ്. ബന്ധപ്പെട്ട രേഖകൾ സഹിതം വിശദമായ അപേക്ഷ നേരിട്ടോ, തപാൽ മുഖേനയോ പ്രോജക്ട് ഡയറക്ടർ, ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം, മൂന്നാം നില, സിവിൽ സ്റ്റേഷൻ, കാക്കനാട് എന്ന വിലാസത്തിൽ ലഭ്യമാക്കണം .

## വാക്ക് ഇൻ ഇന്റർവ്യൂ

**കൊച്ചി:**എറണാകുളം സർക്കാർ മെഡിക്കൽ കോളേജിലെ ജനറൽ സർജറി വിഭാഗത്തിലേക്കായി അസിസ്റ്റന്റ് പ്രൊഫസർ /സീനിയർ റസിഡന്റുമാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നു. യോഗ്യത: എംബിബിഎസ് . ശമ്പളം: 70,000 രൂപ. ഉദ്യോഗാർത്ഥികൾ എസ്.എസ്. എൽ.സി., എം.ബി. ബി. എസ്, പിജി, ഡി എൻ ബി സർട്ടിഫിക്കറ്റ്, പ്രവർത്തിപരിചയം തെളിയിക്കുന്ന രേഖ, ടി സി, മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ, മേൽ വിലാസം തെളിയിക്കുന്ന രേഖ, പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവയുമായി മെഡിക്കൽ കോളേജ് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിൽ എത്തുക. താൽപര്യമുള്ള ഉദ്യോഗാർത്ഥികൾക്ക് വെള്ളി (8) രാവിലെ 11 മുതൽ 1 വരെ നടത്തുന്ന വാക് ഇന്റർവ്യൂവിൽ പങ്കെടുക്കാം.

# വള്ളംകളിയുടെ ആരവത്തിനൊരുങ്ങി മറൈൻഡ്രൈവ് ; ചാമ്പ്യൻസ് ബോട്ട് ലീഗ് സെപ്റ്റംബർ 16 മുതൽ



**കൊച്ചി:** വിദേശ സഞ്ചാരികൾ ഉൾപ്പെടെ എല്ലാ കാണികൾക്കും ആസ്വദിക്കാവുന്ന രീതിയിലാണ് എറണാകുളം മറൈൻ ഡ്രൈവിൽ ചാമ്പ്യൻസ് ബോട്ട് ലീഗ്(സിബിഎൽ) വള്ളംകളി മത്സരങ്ങൾ സംഘടിപ്പിക്കുന്നതെന്ന് ടി.ജെ വിനോദ് എംഎൽഎ പറഞ്ഞു. ചാമ്പ്യൻസ് ബോട്ട് ലീഗ് മറൈൻ ഡ്രൈവിലെ മത്സര നടത്തിപ്പിനെക്കുറിച്ച് ചർച്ച ചെയ്യാൻ ചേർന്ന യോഗത്തിൽ അധ്യക്ഷത വഹിച്ച് സംസാരിക്കുകയായിരുന്നു എം.എൽ.എ.കഴിഞ്ഞവർഷം ഉണ്ടായ പോരായ്മകൾ പരിഹരിച്ച് മികച്ച രീതിയിൽ മത്സരങ്ങൾ സംഘടിപ്പിക്കണമെന്ന് യോഗത്തിൽ ജില്ലാ കളക്ടർ എൻ എസ് കെ ഉമേഷ് പറഞ്ഞു. ചാമ്പ്യൻസ് ബോട്ട് ലീഗിന്റെ ഉദ്ഘാടന വേദികൂടിയായ മറൈൻ ഡ്രൈവിൽ സാങ്കേതിക സമിതിയുടെ നേതൃത്വത്തിൽ ട്രാക്കിന്റെ പരിശോധന നടപടികൾ പുരോഗമിക്കുകയാണ്. ട്രാക്കിന്റെ ചില ഭാഗങ്ങളിൽ എക്കൽ മണ്ണ് അടിഞ്ഞുകൂടിയിട്ടുണ്ട്. മണ്ണ് നീക്കംചെയ്ത് കായലിന്റെ ആഴം കൂട്ടുന്നതിനുള്ള നടപടികൾ ഉടൻ ആരംഭിക്കാൻ യോഗത്തിൽ തീരുമാനമായി.സിബിഎല്ലിന്റെ അനുബന്ധ പരിപാടിയായി ചെറുവള്ളങ്ങളുടെ മത്സരങ്ങൾ സംഘടിപ്പിക്കും. ഇതിന്റെ ഭാഗമായി ചെറുവള്ളക്കാരുടെ യോഗം ചേരണമെന്നും എംഎൽഎ യോഗത്തിൽ നിർദേശിച്ചു. ചാമ്പ്യൻസ് ബോട്ട് ലീഗ് മത്സരത്തിന്റെ മൂന്നാം പതിപ്പാണ് ഇത്തവണ നടക്കുന്നത്. ജില്ലയിൽ മറൈൻഡ്രൈവ്, പിറവം എന്നിവിടങ്ങളിലാണ് സി ബി എൽ മത്സരങ്ങൾ നടത്തുന്നത്.
മറൈൻഡ്രൈവിൽ നടക്കുന്ന സിബിഎല്ലിന്റെ പ്രാദേശിക കമ്മിറ്റി ചെയർമാൻ ടി.ജെ വിനോദ് എംഎൽഎയാണ്. മേയർ അഡ്വ എം അനിൽകുമാർ വൈസ് ചെയർമാൻ, ജില്ലാ കളക്ടർ എൻ എസ് കെ ഉമേഷ് കമ്മിറ്റി കൺവീനർ, ടൂറിസം റീജിയണൽ ജോയിന്റ് ഡയറക്ടർ എ ഷാഹുൽ ഹമീദ്, ഡെപ്യൂട്ടി ഡയറക്ടർ സത്യജിത്ത് ശങ്കർ എന്നിവർ ജോയിന്റ് കൺവീനർ എന്നിങ്ങനെയാണ് പ്രാദേശിക കമ്മിറ്റിയിൽ ചുമതലപ്പെടുത്തിയിരിക്കുന്നത്.തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ അംഗങ്ങൾ, മേജർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ ഇൻഫർമേഷൻ ഓഫീസർ, തഹസിൽദാർ, ഡിടിപിസി സെക്രട്ടറി, ഡിവിഷണൽ ഓഫീസർ ഫയർ ആന്റ് റെസ്ക്യു എന്നിവരും പ്രാദേശിക കമ്മിറ്റിയിൽ അംഗങ്ങളാണ്.
യോഗത്തിന് ശേഷം എംഎൽഎ, ജില്ലാ കളക്ടർ എന്നിവരുടെ നേതൃത്വത്തിൽ മറൈൻഡ്രൈവിലെ ഫിനിഷിംഗ് പോയിന്റ് സന്ദർശിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.ജില്ലാ കളക്ടറുടെ ക്യാമ്പ് ഓഫീസിൽ ചേർന്ന യോഗത്തിൽ ജിസിഡിഎ ചെയർമാൻ കെ.ചന്ദ്രൻ പിള്ള, ടൂറിസം റീജിയണൽ ജോയിന്റ് ഡയറക്ടർ എ ഷാഹുൽ ഹമീദ്, ടൂറിസം ഡെപ്യൂട്ടി ഡയറക്ടർ സത്യജിത്ത് ശങ്കർ, സി ബി എൽ ടെക്നിക്കൽ കമ്മിറ്റി അംഗങ്ങളായ കേശവകുറുപ്പ്, എ എം ഇക്ബാൽ, കെ കെ ഷാജു, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

# എറണാകുളം സർക്കാർ മെഡിക്കൽ കോളജ്: മൾട്ടി സ്പെഷ്യാലിറ്റി ബ്ലോക്ക് നിർമ്മാണം പുരോഗമിക്കുന്നു

**കൊച്ചി:** എറണാകുളം സർക്കാർ മെഡിക്കൽ കോളേജിലെ മൾട്ടി സ്പെഷ്യാലിറ്റി ബ്ലോക്കിന്റെയും കാൻസർ സെന്ററിന്റെയും നിർമ്മാണം വേഗത്തിലാക്കാൻ ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിന്
അവലോകനയോഗം ചേർന്നു. കളമശ്ശേരി മെഡിക്കൽ കോളേജിനും കൊച്ചിൻ കാൻസർ സെന്ററിനും ആവശ്യമായ വെള്ളം ലഭ്യമാക്കുന്നതിന് പ്രത്യേക പൈപ്പ് ലൈൻ സ്ഥാപിക്കും. കിൻഫ്രയിൽ നിന്ന് വെള്ളമെത്തിക്കും. ഇതിനായി എസ്റ്റിമേറ്റ് തയ്യാറാക്കാൻ ഇൻകെലിന് നിർദേശം നൽകി. കെഎസ്ഇബി 110 കെ വി സബ് സ്റ്റേഷൻ സജ്ജമാക്കുന്നതിനുള്ള നടപടികൾ വേഗത്തിൽ ആക്കാനും നിർദേശം നൽകി. മൾട്ടി സൂപ്പർ സ്പെഷ്യലിറ്റി ബ്ലോക്കിന്റെയും കാൻസർ സെന്ററിന്റെയും നിർമ്മാണം നവംബറിൽ പൂർത്തിയാക്കുന്ന രീതിയിൽ ദ്രുതഗതിയിൽ പുരോഗമിക്കുകയാണ്.മെഡിക്കൽ കോളേജ് സൂപ്രണ്ട് ഡോ. എം. ഗണേഷ് മോഹൻ, മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. എസ് പ്രതാപ്, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# പള്ളിച്ചിറങ്ങരചിറ ടൂറിസം പദ്ധതി യാഥാർത്ഥ്യമാകുന്നു

**കൊച്ചി:** പായിപ്ര ഗ്രാമപഞ്ചായത്തിൽ പള്ളിച്ചിറങ്ങര ചിറ ടൂറിസം പദ്ധതി യാഥാർത്ഥ്യമാകുന്നു. പേഴയ്ക്കാപ്പിള്ളി പള്ളിച്ചിറങ്ങരയിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ചിറ കേന്ദ്രീകരിച്ചാണ് പദ്ധതി ആവിഷ്കരിക്കുന്നത്. ഇതിനായി പഞ്ചായത്ത് ഫണ്ടിൽ നിന്നും 1കോടി 32 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. എം. സി. റോഡിനു സമീപത്തായി ഒരേക്കർ 15 സെന്റ് സ്ഥലത്തായി സ്ഥിതിചെയ്യുന്ന ചിറക്ക് ചുറ്റും ടൂറിസം പദ്ധതിയുടെ ഭാഗമായി നടപ്പാത, പെഡൽ ബോട്ടിംഗ്, നീന്തൽ പരിശീലനം, റിവോൾവിങ് റസ്റ്റോറന്റ്, കുളിക്കടവുകൾ തുടങ്ങിയ സൗകര്യങ്ങൾ കൂടി നടപ്പാക്കും.കനത്ത വേനലിൽപോലും ചിറയിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള ക്രമീകരണങ്ങൾ സജ്ജമാക്കി. പെരിയാർവാലിയുടെ തൃക്കളത്തൂർ കനാലിൽനിന്ന് ലിഫ്റ്റ് ഇറിഗേഷൻ വഴി ചിറയിൽ വെള്ളമെത്തിക്കുന്നു. അതുവഴി തൃക്കളത്തൂർ ഭാഗത്തെ ജല ക്ഷാമത്തിനും ഒരു പരിധിവരെ പരിഹാരമായി. വർഷം മുഴുവൻ ചിറയിൽ ജലനിരപ്പ് നിലനിർത്തുന്നതോടെ ശബരിമല സീസണിൽ തീർഥാടകർക്ക് യാത്രാ മദ്ധ്യേ കുളിക്കുന്നതിനും മറ്റും ചിറയെ ഉപയോഗിക്കാനാകുമെന്നും പദ്ധതി ആരംഭിക്കുന്നതിനുള്ള ടെൻഡർ നടപടി ഉടൻ ആരംഭിക്കുമെന്ന് പഞ്ചായത്ത് പ്രസിഡന്റ് മാത്യൂസ് വർക്കി പറഞ്ഞു.

# അനിമേഷൻ, വിഷ്വൽ എഫക്ട്സ് മേഖലയിലെ പ്രതിഭകളെ കണ്ടെത്താൻ പദ്ധതി

**കൊച്ചി:** കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷന്റെ നേതൃത്വത്തിൽ അനിമേഷൻ, വിഷ്വൽ എഫക്ട്സ്, ഗെയിമിംഗ് & കോമിക്സ് (അഢഏഇത ഞ) പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് മേഖലയിൽ പ്രവർത്തിക്കുന്ന വരുമായി ചർച്ച സംഘടിപ്പിക്കുന്നു.സെപ്റ്റംബർ 5 ന് രാവിലെ 10.30 ന് എറണാകുളം ഗവ.ഗസ്റ്റ്ഹൗസിലാണ് ചർച്ച നടത്തുന്നത്.അനിമേഷൻ, വിഷ്വൽ എഫക്സ്, ഗെയിമിംഗ്, കോമിക്സ് തുടങ്ങിയ രംഗങ്ങളിലെ സ്റ്റുഡിയോകളുടെയും സ്ഥാപനങ്ങളുടെയും സഹകരണത്തോടെ ഈ മേഖലയിലെ പ്രതിഭകളെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണിത്.ചർച്ചയ്ക്ക് ശേഷം ഉച്ചക്ക് 3.30 ന് പത്രസമ്മേളനവും നടക്കും.പദ്ധതിയുടെ ഭാഗമായി ഒക്ടോബർ 9, 10 ദിവസങ്ങളിലായി തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്ന നാഷണൽ കോൺക്ലേവിനു മുന്നോടിയായാണ് ചർച്ച സംഘടിപ്പിക്കുന്നത്. സിഡിറ്റ്, കേരള സ്റ്റാർട്ട് അപ്പ് മിഷൻ, കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നവേഷൻ സ്ട്രറ്റജിക് കൗൺസിൽ എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് നാഷണൽ കോൺക്ലേവ് സംഘടിപ്പിക്കുന്നത്.

## നൂതന വരുമാന പദ്ധതി അവതരിപ്പിച്ച് ഐസിഐസിഐ പ്രൂ

**തിരുവനന്തപുരം:** ഉപയോക്താക്കൾക്ക് വർഷം തോറും വർധിക്കുന്ന വരുമാനം അല്ലെങ്കിൽ കൃത്യമായ നിശ്ചിത വരുമാനം ലഭ്യമാക്കുന്ന പുതിയ വരുമാന പദ്ധതി അവതരിപ്പിച്ച് ഐസിഐസിഐ പ്രൂഡൻഷ്യൽ ലൈഫ് ഇൻഷുറൻസ്. ലൈഫ് കവർ കുടുംബത്തിന് സാമ്പത്തിക സുരക്ഷ ഉറപ്പാക്കുന്ന വിധത്തിൽ ഐസിഐസിഐ പ്രൂ ഗിഫ്റ്റ് പ്രോ എന്ന പേരിലാണ് പുതിയ വരുമാന പദ്ധതി. ഉപയോക്താക്കൾക്ക് അവരുടെ ആവശ്യാനുസരണം തുക പിൻവലിക്കാനും മൊത്തം തുകയുടെ കാലാവധി നിശ്ചയിക്കാനും പദ്ധതിയിൽ സൗകര്യമുാവും. ഉപയോക്താക്കളുടെ ചെറിയ കാലയളവിലേക്കും ദീർഘകാലത്തേക്കുമുള്ള ആവശ്യങ്ങൾ സാധിക്കുന്ന തരത്തിൽ നിക്ഷേപിക്കുകയും ചെയ്യാം. തങ്ങളുടെ ആവശ്യങ്ങൾക്കനുസരിച്ച് വരുമാന പദ്ധതിക്ക് രൂപം നൽകാൻ സാധിക്കുന്ന തരത്തിലുള്ള സൗകര്യവുമു്. മറ്റ് സേവനങ്ങൾക്കൊപ്പം തങ്ങളുടെ ആവശ്യങ്ങൾക്കനുസരിച്ച് വരുമാന സേവനങ്ങളും പ്രീമിയം പേയ്മെന്റ് കാലയളവും ഉപയോക്താക്കൾക്ക് തന്നെ നിശ്ചയിക്കാം. വരുമാനം ലഭിക്കുന്ന കാലയളവിൽ പോളിസി ഉടമ മരിക്കുകയാണെങ്കിൽ നോമിനിക്ക് വരുമാനം സ്വീകരിക്കുന്നത് തുടരാൻ സാധിക്കുമെന്നതാണ് പദ്ധതിയുടെ മറ്റൊരു പ്രത്യേകത. 5 വർഷം മുതൽ 12 വർഷം വരെയുള്ള പ്രീമിയം പേയ്മെന്റ് കാലയളവ് ഐസിഐസിഐ പ്രൂ ഗിഫ്റ്റ് പ്രോയിലു്. 8ാം വർഷം മുതൽ വരുമാനം ലഭ്യമാവും. ഇത് 30 വർഷം വരെ നീു നിൽക്കും. നാണ്യപ്പെരുപ്പത്തെ നേരിടും വിധത്തിൽ ഉപയോക്താക്കൾക്ക് പ്രയോജനം ലഭ്യമാക്കുന്ന തരത്തിലാണ് പുതിയ പദ്ധതിയെന്നതും സവിശേഷതയാണ്. അതിനാലാണ് 30 വർഷത്തേക്ക് വർഷാവർഷം വർധിക്കുന്ന വരുമാനം അല്ലെങ്കിൽ നിശ്ചിത വരുമാനം എന്ന രീതിയിൽ ഉപയോക്താക്കൾക്ക് തിരഞ്ഞെടുക്കാൻ തരത്തിൽ ഐസിഐസിഐ പ്രൂ ഗിഫ്റ്റ് പ്രോ സേവനം ലഭ്യമാക്കുന്നതെന്ന് ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് ചീഫ് ഡിസ്ട്രിബ്യൂഷൻ ഓഫീസർ അമിത് പാൽട്ട പറഞ്ഞു. ഒട്ടേറെ പ്രത്യേകതകളുള്ള ഈ പദ്ധതി ദീർഘകാല സാമ്പത്തിക സുരക്ഷയ്ക്ക് ഒരു പരിഹാരമാണ്. സാമ്പത്തിക സുരക്ഷയും ഓരോരുത്തരുടേയും ആവശ്യങ്ങൾക്കുള്ള വരുമാനവും പൂർണമായി സമന്വയിപ്പിച്ചുള്ള ഒരു പദ്ധതിയാണിതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## പ്രകൃതി അധിഷ്ഠിത പദ്ധതി: ആമസോൺ 15 ദശലക്ഷം ഡോളർ നിക്ഷേപിക്കും



**കൊച്ചി:** കാലാവസ്ഥാ വ്യതിയാനങ്ങളെ ചെറുക്കൽ, ഏഷ്യാ-പസഫിക് മേഖലയിലെ ജൈവ വൈവിധ്യം സംരക്ഷിക്കൽ, സമൂഹങ്ങൾക്കു പിന്തുണ നൽകൽ തുടങ്ങിയ ലക്ഷ്യമിട്ട് ആമസോൺ പ്രകൃതി അധിഷ്ഠിത പദ്ധതികളിൽ 15 ദശലക്ഷം ഡോളറിന്റെ നിക്ഷേപം നടത്തും. യൂറോപ്പിൽ സമാനമായ ഒൻപതു നിക്ഷേപങ്ങൾ നടത്തിയതിനു തുടർച്ചയായാണ് ഈ നീക്കം.പശ്ചിമ ഘട്ടത്തിൽ 3 ലക്ഷം ചെടികൾ നട്ടു കൊ് 3 ദശലക്ഷം ഡോളർ നിക്ഷേപത്തോടെ ഇന്ത്യയിലാവും ആദ്യ പദ്ധതി നടപ്പാക്കുക. കാർബൺ അനുകൂല നിലയും വന്യജീവി സംരക്ഷണവും ലക്ഷ്യമിട്ടാവും ഈ പദ്ധതി. ആമസോണിന്റെ 100 ദശലക്ഷം ഡോളറിന്റെ റൈറ്റ് നൗ ക്ലൈമറ്റ് ഫിൽ നിന്നാവും ഈ പദ്ധതികൾക്കു വേിയുള്ള വകയിരുത്തൽ നടത്തുക. പ്രകൃതി സംരക്ഷണവും അനുബന്ധ ലക്ഷ്യങ്ങളും മുന്നിൽ ക് 2019-ലാണ് ഈ ഫ് രൂപവൽക്കരിച്ചത്.വിപുലമായ വന മേഖലകളും സമ്പന്നമായ കടൽത്തീര പരിസ്ഥിതിയും ഉൾപ്പെട്ടതാണ് ഏഷ്യ പസഫിക് മേഖലയെന്ന് ആമസോണിന്റെ ആഗോള സുസ്ഥിരതാ വിഭാഗം വൈസ് പ്രസിഡന്റ് കാര ഹർസ്റ്റ് പറഞ്ഞു. സെന്റർ ഫോർ വൈൽഡ് ലൈഫ് സ്റ്റഡീസുമായി ചേർന്നാവും ആമസോൺ ആദ്യ പദ്ധതി നടപ്പാക്കുക. ഇന്ത്യയിലെ വന്യജീവജാലങ്ങളുടെ 30 ശതമാനവും വസിക്കുന്ന മേഖലയാണ് പശ്ചിമഘട്ടമെന്നതും ഈ പദ്ധതിയുടെ പ്രാധാന്യം വർധിപ്പിക്കുന്നു.

# മാറ്റത്തിന്റെ മാർഗ്ഗരേഖയുമായി എയർ ഇന്ത്യ എക്സ്പ്രസ്സ്




**കൊച്ചി:** വലിയ മാറ്റത്തിന് തയ്യാറെടുക്കുന്നവിമാനകമ്പനി എയർ ഇന്ത്യ എക്സ്പ്രസ് മാറ്റത്തിന്റെ മാർഗരേഖ അവതരിപ്പിച്ചു. ആഭ്യന്തര വിമാനസർവ്വീസുകൾ നടത്തുന്ന എയർ ഏഷ്യ ഇന്ത്യയെ ഗൾഫിലേക്കും തെക്ക് കിഴക്കൻ ഏഷ്യൻ രാജ്യങ്ങളിലേക്കും അന്താരാഷ്ട്രാ വിമാനസർവ്വീസ് നടത്തുന്ന എയർ ഇന്ത്യ എക്സ്പ്രസ്സിൽ ലയിപ്പിക്കുന്നതു വഴി വലിയ വളർച്ചയ്ക്കാണ് വഴിയൊരുങ്ങുന്നത്. ഇതിനായുള്ള മാറ്റത്തിൻറെ മാർഗ്ഗരേഖയാണ് എയർ ഇന്ത്യ എക്സ്പ്രസ്സിൻറെയും എയർ ഏഷ്യ ഇന്ത്യയുടേയും മാനേജിംഗ് ഡയറക്ടർ അലോക് സിങ്ങ് ഇന്ന് ര് വിമാനക്കമ്പനികളിലേയും മുഴുവൻ ഉദ്യോഗസ്ഥരുമായി തത്സമയ സംവാദത്തിൽ പങ്കുവച്ചത്.അഞ്ചുവർഷത്തിനുള്ളിൽ സമഗ്രനവീകരണവും പരിവർത്തനവും ലക്ഷ്യമിട്ട് നേരത്തെ എയർ ഇന്ത്യ അവതരിപ്പിച്ച വിഹാൻ ഡോട്ട് എഐ എന്ന പദ്ധതിയുടെ ഭാഗമായാണ് എയർ ഇന്ത്യ എക്സ്പ്രസ്സും മാറുന്നത്.എയർ ഇന്ത്യയേയും എയർ ഇന്ത്യ എക്സ്പ്രസിനേയും ദേശീയ സ്ഥാപനമെന്ന നിലയിൽ നിന്ന് ദേശീയ പ്രചോദനം എന്ന നിലയിലേക്ക് മാറ്റിയെടുക്കയാണ് മാർഗ്ഗരേഖയുടെ ലക്ഷ്യം. പുതിയ സാധ്യതകൾക്ക് വഴിതുറക്കുകയും ഊഷ്മളവും അർത്ഥവത്തുമായ ബന്ധങ്ങൾ സൃഷ്ടിക്കുകയുമാണ് മാർഗ്ഗരേഖയുടെ അടിസ്ഥാനമെന്ന് മാനേജിങ് ഡയറക്ടർ അലോക് സിങ് വിശദീകരിച്ചു. ദേശങ്ങളെ മാത്രമല്ല ജനങ്ങളേയും സംസ്കാരങ്ങളേയും അവസരങ്ങളേയും പരമ്പരാഗത ഇന്ത്യൻ ആതിഥേയത്വത്തോടെ ബന്ധിപ്പിക്കുന്ന ഒരു വിമാനസർവ്വീസായി മാറുകയാണ് ലക്ഷ്യം. ഇരു വിമാനക്കമ്പനികളും തമ്മിലുള്ള ലയനത്തിൻറെയും എയർ ഇന്ത്യയുമായുള്ള ശൃംഖലാ സംയോജനത്തിൻറെയും പിൻബലത്തിൽ ആഭ്യന്തര വിപണിയിലും അന്താരാഷ്ട്ര മേഖലയിലും സാധ്യതകൾ തേടും. എല്ലാ മേഖലകളിലും മികവുമായി ആത്മവിശ്വാസമുള്ള ഇന്ത്യയുടെ ഏറ്റവും പ്രിയപ്പെട്ട ബ്രാൻഡ് ആയി മാറുമെന്നും അദ്ദേഹം പറഞ്ഞു.എയർ ഇന്ത്യ എക്സ്പ്രസിലേക്കും എയർ ഏഷ്യ ഇന്ത്യയിലേക്കുമുള്ള ടിക്കറ്റുകൾ യാത്രക്കാർക്ക് സംയോജിത വെബ്സൈറ്റായ airindiaexpress.com വഴി ബുക്ക് ചെയ്യുന്നതിനുള്ള സംവിധാനം നേരത്തെ അവതരിപ്പിച്ചിരുന്നു. ഇരു കമ്പനികളുടേയും കസ്റ്റമർ കെയർ സേവനങ്ങളും സാമൂഹ്യ മാധ്യമ ഹാൻഡിലുകളും പൊതുവായി മാറികഴിഞ്ഞു. മാറ്റത്തിൻറെ ഭാഗമായി ഗൊർമേർ എന്ന് പേരിട്ടിരിക്കുന്ന വിഭവസമൃദ്ധമായ ഇൻഫ്ളൈറ്റ് മെനു ഇരു സർവ്വീസുകളിലും നടപ്പിലായി. ഇഷ്ടപ്പെട്ട സീറ്റുകൾ മുമ്പേ തിരഞ്ഞെടുക്കാനുള്ള എക്സ്പ്രസ് പ്രൈം, ക്യൂ ഒഴിവാക്കാനും പ്രത്യേക പരിഗണന ഉറപ്പുവരുത്താനുമുള്ള എക്സ്പ്രസ് എഹെഡ് പ്രയോറിറ്റി സേവനങ്ങൾ ഇരുകമ്പനികളും ആരംഭിച്ചു. കഴിഞ്ഞയാഴ്ച്ച വിമാനകമ്പനി ഉദ്യോഗസ്ഥരുടെ സേവന വേതന നിരക്കുകളും പദവികളും വിപണിനിലവാരത്തിലേക്ക് ഉയർത്തി.

## ഉപഭോക്താക്കൾക്കായി 'ചോയ്സ്' അവതരിപ്പിച്ച് 'വി '

**കൊച്ചി:** ഉപഭോക്താക്കൾക്ക് വ്യക്തിഗത നേട്ടങ്ങൾ ലഭ്യമാക്കാനുള്ള തുടർച്ചയായ നീക്കങ്ങളുടെ ഭാഗമായി മുൻനിര ടെലികോം സേവന ദാതാവായ വി പോസ്റ്റ്പെയ്ഡ് ഉപഭോക്താക്കൾക്കായി 'ചോയ്സ്' അവതരിപ്പിച്ചു. എൻറർടൈൻമെൻറ്, ഫുഡ്, ട്രാവൽ, മൊബൈൽ സെക്യൂരിറ്റി തുടങ്ങിയവയിൽ നിന്ന് ഇഷ്ടമുള്ളവ തെരഞ്ഞെടുക്കാൻ വി മാക്സ് പോസ്റ്റ്പെയ്ഡ് പ്ലാനുകൾ ഉപഭോക്താക്കൾക്ക് അവസരമൊരുക്കുന്നു.വി വ്യക്തിഗത, ഫാമിലി പോസ്റ്റ്പെയ്ഡ് ഉപഭോക്താക്കൾക്ക് നാല് എക്സ്ക്ലൂസീവ് വിഭാഗങ്ങളിലായി തങ്ങൾക്കിഷ്ടമുള്ള ഒരു പ്രീമിയം പങ്കാളിയിൽ നിന്ന് നിരവധി ആനുകൂല്യങ്ങൾ തിരഞ്ഞെടുക്കാം. എൻറർടൈൻമെൻറ് ഒടിടി വിഭാഗത്തിൽ ആമസോൺ പ്രൈം, ഡിസ്നി ഹോട്ട്സ്റ്റാർ, സോണിലിവ്, സൺനെക്സ്റ്റ് എന്നിവയാണുള്ളത്. ഫുഡ് വിഭാഗത്തിൽ ഈസിഡൈനറിൽ ആറു മാസ സബ്സ്ക്രിപ്ഷനും പ്രീമിയം റസ്റ്റോറൻറുകളിലും ബാറുകളിലും 50 ശതമാനം വരെ ഇളവും ലഭിക്കും. ട്രാവൽ വിഭാഗത്തിൽ ഈസ്മൈട്രിപ്പിൽ ഒരു വർഷ സബ്സ്ക്രിപ്ഷൻ ലഭിക്കും. ഇതിനു പുറമെ റൗണ്ട്ട്രിപ്പ് ബുക്കിങ്ങിൽ 750 രൂപയും ഒരു വശത്തേക്കുള്ള ഫ്ളൈറ്റ് ടിക്കറ്റിൽ 400 രൂപയും ഇളവു ലഭിക്കും. മെച്ചപ്പെടുത്തിയ സുരക്ഷയ്ക്കും ഹാൻഡ്സെറ്റിൻറെ സുഗമമായ ഉപയോഗത്തിനും സ്മാർട്ട്ഫോണിൻറെ സുരക്ഷാ വിഭാഗത്തിൽ നോർട്ടൺ ആൻറിവൈറസ് പ്രൊട്ടക്ഷൻറെ 1 വർഷത്തെ സബ്സ്ക്രിപ്ഷനും ലഭിക്കും. ഉപഭോക്താവ് തെരഞ്ഞെടുക്കുന്ന പ്ലാനിന് അനുസരിച്ചായിരിക്കും ഈ ആനുകൂല്യങ്ങൾ.ഉപഭോക്താക്കൾക്ക് ഏറ്റവും ഉപകാരപ്രദമായതും പണത്തിന് മൂല്യം നൽകുന്നതുമായ സൗകര്യങ്ങൾ തെരഞ്ഞെടുക്കാൻ വി മാക്സ് അവസരം നൽകുന്നു. താൽപര്യമുള്ള ഒടിടി സബ്സ്ക്രിപ്ഷൻ സംയോജിപ്പിക്കുകയും സുരക്ഷാ സംവിധാനങ്ങൾ മെച്ചപ്പെടുത്തുകയും ലൈഫ്സ്റ്റൈൽ പ്രിവിലേജുകൾ ലഭ്യമാക്കുകയും ചെയ്ത് ഇക്കാലത്തെ ഉപയോക്താക്കളുടെ ഡിജിറ്റൽ ജീവിത ശൈലി മെച്ചപ്പെടുത്തുകയാണെന്ന് വി സിഎംഒ അവ്നീഷ് ഖോസ്ല പറഞ്ഞു.വി ഗെയിംസ്, വി മ്യൂസിക്, വി ജോബ്സ് & എജ്യൂക്കേഷൻ, വി മൂവീസ് & ടിവി തുടങ്ങിയവയും ഇതിനു പുറമെ വി ഉപഭോക്താക്കൾക്കു പ്രയോജനപ്പെടുത്താം. ഉപഭോക്താക്കൾക്ക് സ്വന്തമായി ക്രെഡിറ്റ് പരിധി ക്രമീകരിക്കുകയും മുൻഗണനാ ഉപഭോക്തൃ സേവനങ്ങൾ ലഭ്യമാക്കുകയും ചെയ്യാം.

# മുത്തൂറ്റ് ഫിൻകോർപ്പ് പുതിയ എൻസിഡികൾ പ്രഖ്യാപിച്ചു

**കൊച്ചി:** മുത്തൂറ്റ് പാപ്പച്ചൻ ഗ്രൂപ്പിന്റെ (നീല മുത്തൂറ്റ്) പതാക വാഹക കമ്പനിയായ മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ് തങ്ങളുടെ സെക്യേർഡ്, റിഡീമബിൾ നോൺ കൺവെർട്ടബിൾ ഡിബഞ്ചറുകളുടെ 16ാമത് പതിപ്പ് പ്രഖ്യാപിച്ചു. 1100 കോടി രൂപയുടെ ഷെൽഫ് പരിധിയിൽ നിന്നുള്ള 400 കോടി രൂപ സമാഹരിക്കുകയാണ് ഇതിലൂടെ ഉദ്ദേശിക്കുന്നതെന്ന് മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ് സിഇഒ ഷാജി വർഗീസ് പറഞ്ഞു. 100 കോടി രൂപയുടേതാണ് ആദ്യ ഇഷ്യു. ഇതിനു പുറമെ അധികമായി സമാഹരിക്കുന്ന 300 കോടി രൂപ കൂടി കൈവശം വെക്കാനുള്ള അവകാശവുമു്. 1000 രൂപ മുഖവിലയുള്ള ഇഷ്യു സെപ്റ്റംബർ ഒന്നിന് ആരംഭിച്ചു. സെപ്റ്റംബർ 14 വരെ ഇതു തുടരും. ഡയറക്ടർ ബോർഡിൻറേയോ ഇതിനായി കമ്പനി രൂപീകരിക്കുന്ന കമ്മിറ്റിയുടേയോ അംഗീകാരത്തോടെ ആവശ്യമായ അനുമതികളോടെ സെബി എൻസിഎസ് റെഗുലേഷൻറെ 33എ റെഗുലേഷൻ പ്രകാരം ഇതു നേരത്തെ അവസാനിപ്പിക്കാനും സാധിക്കും.ഒന്നാം ഗഡു ഇഷ്യുവിനു കീഴിലുള്ള എൻസിഡികൾ 24 മാസം, 36 മാസം, 60 മാസം, 96 മാസം എന്നിങ്ങനെയുള്ള കാലാവധികളാണ് മുന്നോട്ടു വെക്കുന്നത്.വ്യത്യസ്ത പദ്ധതികളിലായി പ്രതിമാസ, വാർഷിക കാലാവധി തീരുമ്പോഴുള്ള പണം നൽകൽ രീതികൾ ഇവയ്ക്കുാകും. ഉപഭോക്താക്കൾക്ക് ഇവയിൽ നിന്നു സൗകര്യപ്രദമായി തെരഞ്ഞെടുപ്പു നടത്താനാവും. 8.65 ശതമാനം മുതൽ 9.43 ശതമാനം വരെയാണ് എൻസിഡി ഉടമകൾക്കു ലഭിക്കുന്ന പ്രതിവർഷം എഫക്ടീവ് ഈൽഡ്. ഒന്നാം ഗഡുവിന് കീഴിൽ ഇഷ്യൂ ചെയ്ത ക്രിസിൽ എഎ/സ്റ്റേബിൾ റേറ്റിങ്ങുള്ള സെക്യേർഡ് എൻസിഡികൾ ബിഎസ്ഇയിലെ ഡെറ്റ് മാർക്കറ്റ് വിഭാഗത്തിൽ ലിസ്റ്റു ചെയ്യാനും ഉദ്ദേശിക്കുന്നു്. തുടർന്നുള്ള വായ്പകൾ, കമ്പനിയുടെ നിലവിലെ വായ്പാ ദാതാക്കൾക്ക് പലിശ/മുതൽ എന്നിവ തിരിച്ചു നൽകൽ എന്നിവയ്ക്കും പൊതു കോർപറേറ്റ് ആവശ്യങ്ങൾക്കും ആയിരിക്കും ഇതിൽ നിന്നു ലഭിക്കുന്ന തുക ഉപയോഗിക്കുക.രാജ്യ വ്യാപകമായി ഉപഭോക്താക്കൾ 136 വർഷത്തിലേറെയായി തങ്ങളിൽ അർപ്പിച്ചിരിക്കുന്ന വിശ്വാസവും വിശ്വസ്തതയുമാണ് തങ്ങളുടെ ശക്തിയെന്നും മുത്തൂറ്റ് ഫിൻകോർപ്പിൽ നിന്നുള്ള 16ാമത് എൻസിഡികൾ പ്രഖ്യാപിക്കാൻ ആഹ്ലാദമുന്നെും ഷാജി വർഗീസ് പറഞ്ഞു. ജീവിതത്തിൻറെ വിവിധ തുറകളിൽ നിന്നുള്ളവർക്കും നിലവിലുള്ള ഉപഭോക്താക്കൾക്കും ഇവിടെ ഉപഭോക്താവാകാൻ ഉദ്ദേശിക്കുന്നവർക്കും തങ്ങളുടെ വിവിധങ്ങളായ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റാൻ ഇതൊരു മികച്ച അവസരമാണ്. ആകർഷകമായ റിട്ടേൺ നിരക്കും ഫ് ളെക്സിബിൾ കാലാവധിയും ക്രിസിൽ എഎ/ സ്റ്റേബിൾ റേറ്റിങ്ങും ഉള്ള ഈ ഇഷ്യൂവിന് നല്ല ഡിമാൻഡാണ് പ്രതീക്ഷിക്കുന്നത്. മുത്തൂറ്റ് ഫിൻകോർപ്പ് വൺ മൊബൈൽ ആപ്പു വഴിയും ഉപഭോക്താക്കൾക്ക് ഈ സേവനം പ്രയോജനപ്പെടുത്താമെന്നും അദ്ദേഹം ചൂിക്കാട്ടി.

# സീനിയർ സിറ്റിസൺ ഇൻഡിപെൻഡൻസ്,വിമൺ പവർ സേവിങ്സ് അക്കൗണ്ടുകൾ അവതരിപ്പിച്ച് സിഎസ്ബി

**കൊച്ചി:** മുതിർന്ന പൗരൻമാർക്കും വനിതകൾക്കും കൂടുതൽ മികച്ച ബാങ്കിങ് അനുഭവങ്ങൾ പ്രദാനം ചെയ്യാനായി സിഎസ്ബി ബാങ്ക് പ്രത്യേക സൗകര്യങ്ങളുള്ള സീനിയർ സിറ്റിസൺ ഇന്റിപെൻഡൻസ്, വിമൺ പവർ സേവിങ്സ് അക്കൗണ്ട് എന്നിവ അവതരിപ്പിച്ചു. ലോക്കർ വാടകയിൽ ഇളവ്, സൗജന്യ എയർപോർട്ട് ലോഞ്ച് സൗകര്യം, റൂപെ പ്രീമിയം ഡെബിറ്റ് കാർഡ് തുടങ്ങിയ സൗകര്യങ്ങൾ ഇവയിലുാകും. മുതിർന്ന പൗരൻമാർക്ക് പ്രതിമാസം പത്തു ലക്ഷം രൂപ വരെ സൗജന്യ ക്യാഷ് ഡിപോസിറ്റ്, സിഎസ്ബി ബാങ്ക് എടിഎമ്മുകളിൽ പരിധിയില്ലാത്ത എടിഎം ഇടപാടുകൾ, നെറ്റ്, മൊബൈൽ ബാങ്കിങ് വഴി പരിധിയില്ലാത്ത ആർടിജിഎസ്, നെഫ്റ്റ് ഉപയോഗം, ഡീമാറ്റ് അക്കൗണ്ടിൽ ആദ്യ വർഷം എഎംസി ഇളവ് തുടങ്ങിയവ ലഭിക്കും. വനിതകൾക്ക് വായ്പകളിലെ പലിശ നിരക്കിലും പ്രോസസ്സിങ് ഫീസിലും ഇളവു ലഭിക്കും. സിഎസ്ബി നെറ്റ് ബാങ്കിങ് വഴി സോവറിൻ ഗോൾഡ് ബോ് വാങ്ങുമ്പോൾ നിരക്കിളവു ലഭിക്കും. ഡീമാറ്റ് അക്കൗണ്ടിൽ ആദ്യ വർഷം എഎംസി ഇളവു നല്കും. സാമ്പത്തിക സ്വാതന്ത്ര്യത്തിന് പ്രാധാന്യം നല്കുന്ന നടപടികളാണ് ബാങ്ക് കൈക്കൊളളുന്നതെന്ന് സിഎസ്ബി ബാങ്ക് റീട്ടെയിൽ ബാങ്കിങ് മേധാവി നരേന്ദ്ര ദിക്ഷിത്ത് പറഞ്ഞു.

# ലോർഡ്സ് മാർക് ഇൻഷുറൻസിന്പുതിയ ഡിജിറ്റൽ പ്ളാറ്റ്ഫോം

**കൊച്ചി:** ലോർഡ്സ് മാർക് ഇൻഷുറൻസ് ബ്രോക്കിംഗ് സർവീസസ് പ്രൈവറ്റ് ലിമിറ്റഡ് ബിമാകവച് എന്ന പേരിൽ ആധുനിക ഡിജിറ്റൽ പ് ളാറ്റ്ഫോം ആരംഭിച്ചു. ലൈഫ് ഇൻഷുറൻസ്, ഹെൽത്ത് ഇൻഷുറൻസ്, ജനറൽ ഇൻഷുറൻസ് പോളിസികളാണ് ബിമാകവചിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് എംഡി രാഘവ് സന്തോഷ് പറഞ്ഞു.ഏറ്റവും നൂതനമായ സൈബർ സുരക്ഷയും അനുബന്ധ സൗകര്യങ്ങളും അടങ്ങിയതാണ് ഡിജിറ്റൽ പ്ളാറ്റ് ഫോം. നൂറിലധികം കോർപറേറ്റുകളേയും പത്തു ലക്ഷത്തിലേറെ ചെറുകിട ഇടപാടുകരേയും ബിമാ കവച് ലക്ഷ്യം വെക്കുന്നു. പോളിസി വിൽപന, കൗൺസലിംഗ്, ഫലപ്രദമായ ക്ളെയിം തീർപ്പ് തുടങ്ങിയവയും ഉപഭോക്താക്കൾക്ക് ഓരോ ഘട്ടത്തിലും ആവശ്യമായ നിർദ്ദേശങ്ങളും പ്ളാറ്റ്ഫോമിൽ ലഭ്യമാകും. യുപിഐ, ഗൂഗിൾപേ, ഇൻർനെറ്റ് ബാങ്കിംഗ്, ഡെബിറ്റ് കാർഡ്, ക്രെഡിറ്റ് കാർഡ് സൗകര്യങ്ങളും ഇതിലുണ്ട്. തൊഴിലന്വേഷകർക്ക് സെയിൽപേഴ്സണായി പ്രവർത്തിക്കുന്നതിനും പോർട്ടലിൽ സൗകര്യമുണ്ട്. രാജ്യത്തെവിടെയുമുള്ളവർക്ക് തൊഴിലവസരം സൃഷ്ടിക്കുന്ന ഈ പദ്ധതിയെ സാമൂഹ്യ പ്രതിബദ്ധതയുടെ ഭാഗമായാണ് കമ്പനി കാണുന്നത്. ഒരു ബഹുരാഷ്ട്ര ഇൻഷുറൻസ് കമ്പനിയുമായി കമ്പനി പങ്കാളിത്ത ചർച്ചകൾ ആരംഭിച്ചിട്ടുണ്ടെന്നും രാഘവ് സന്തോഷ് പറഞ്ഞു.

## 'I AM HEALTHY ';
## ഹെൽത്ത് ചെക്കപ്പ് വാരം സംഘടിപ്പിച്ചു



**കൊച്ചി:** ഇന്ത്യൻ പരസ്യ ചിത്ര സംവിധായകരുടെ സംഘടന ആയ ഇന്ത്യൻ ആഡ് ഫിലിം മേക്കേഴ്സ് അസോസിയേഷൻ (കഅങ ) നും ഫ്യൂച്ചർ എയ്സ് ഹോസ്പിറ്റലും ചേർന്ന് 'I AM HEALTHY' ഹെൽത്ത് ചെക്കപ്പ് വാരം സംഘടിപ്പിച്ചു. ഇടപ്പള്ളി ഫ്യൂച്ചർ എയ്സ് ഹോസ്പിറ്റലിൽ നടന്ന ചടങ്ങിൽ കൊച്ചൗസേപ്പ് ചിറ്റിലപ്പള്ളി പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. ഫ്യൂച്ചർ എയ്സ് ഹോസ്പിറ്റൽ ഡയറക്ടർ ഡോ.അഷ്ന, ചലച്ചിത്ര താരം ശ്രീകാന്ത് മുരളി, ഇന്ത്യൻ ആഡ് ഫിലിം മേക്കേഴ്സ് അസോസിയേഷൻ പ്രസിഡന്റ് ജബ്ബാർ കല്ലറക്കൽ ,സെക്രട്ടറി സിജോയ് വർഗീസ്, അനിൽ ജയിംസ് തുടങ്ങിയവർ പപങ്കെടുത്തു.

## സൗജന്യ ഫിസിയോതെറാപ്പി ക്യാമ്പുമായി കോഴിക്കോട് ആസ്റ്റർ മിംസ്

**കോഴിക്കോട്:** ലോക ഫിസിയോതെറാപ്പി ദിനാചരണത്തോടനുബന്ധിച്ച് സൗജന്യ ഫിസിയോതെറാപ്പി ക്യാമ്പുമായി കോഴിക്കോട് ആസ്റ്റർ മിംസ് ആശുപത്രി. സെപ്തംബർ 10 ഞായറാഴ്ച രാവിലെ ഒൻപത് മുതൽ ഉച്ചക്ക് ഒന്ന് വരെ കോഴിക്കോട് ആസ്റ്റർ മിംസിലാണ് ക്യാമ്പ് സംഘടിപ്പിക്കുന്നത്.

കേരള അസോസിയേഷൻ ഫോർ ഫിസിയോതെറാപ്പിസ്റ്റ്സ് കോഴിക്കോട് ജില്ലാ ഘടകവുമായി ചേർന്ന് നടത്തുന്ന ക്യാമ്പിന് വിദഗ്ധ ഫിസിയോതെറാപ്പിസ്റ്റുകൾ നേതൃത്വം നൽകും. ക്യാമ്പിനോടനുബന്ധിച്ച് ബോധവൽക്കരണ ക്ലാസും സംഘടിപ്പിക്കുന്നു്. സന്ധിവാതം (ആർത്രൈറ്റിസ്) മൂലം ശാരീരിക ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്ക് വേിയാണ് സംഘടിപ്പിക്കുന്നത്. ക്യാമ്പിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ 9061443355 എന്ന നമ്പറിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യേതാണെന്ന് ആസ്റ്റർ മിംസ് അധികൃതർ അറിയിച്ചു.

## 360 വൺ ബാലൻസ്ഡ് ഹൈബ്രിഡ് ഫണ്ട് അവതരിപ്പിച്ചു

**കൊച്ചി:** 360 വൺ അസറ്റ് മാനേജ്മെൻറിൻറെ ബാലൻസ്ഡ് ഹൈബ്രിഡ് ഫിൻറെ പുതിയ ഫണ്ട് ഓഫർ സെപ്റ്റംബർ 4 മുതൽ 18 വരെ നടത്തും. 1000 രൂപയാണ് കുറഞ്ഞ നിക്ഷേപം. തുടർന്ന് ഓരോ രൂപയുടെ ഗുണിതങ്ങളായും നിക്ഷേപിക്കാം. ഒക്ടോബർ മൂന്നു മുതൽ തുടർ വിൽപനയ്ക്കും തിരിച്ചു വാങ്ങലിനും അവസരമുണ്ടാകുമെന്ന് 360 വൺ അസറ്റ് സഹസ്ഥാപകനും സിഐഒയുമായ അനൂപ് മഹേശ്വരി പറഞ്ഞു. ഓഹരികളിലും സ്ഥിര വരുമാന ആസ്തികളിലും ഒരേ ഫിലൂടെ നിക്ഷേപം നടത്തുകയാണ് പദ്ധതിയുടെ സവിശേഷത. വളർച്ചയും സ്ഥിരതയും സംയോജിപ്പിച്ച് നിക്ഷേപകർക്ക് വൈവിധ്യവൽകൃത അവസരങ്ങൾ ഇതിലൂടെ ലഭ്യമാക്കും. പരമ്പരാഗത സ്ഥിര നിക്ഷേപ പദ്ധതികളേക്കാൾ മികച്ച നികുതി നേട്ടങ്ങളും ഇതിലൂടെ നേടാനാവും. നഷ്ടസാധ്യതകളെ മറികടന്നുള്ള നേട്ടങ്ങൾ കൈവരിക്കുകയും ഈ പദ്ധതിയിലൂടെ തങ്ങൾ ലക്ഷ്യമിടുന്നതായും അനൂപ് മഹേശ്വരി പറഞ്ഞു.


# സാങ്കേതികമേഖലയിലുള്ളവർ ഓൺലൈൻ സ്കിൽ ഗെയിമിംഗ് മേഖലയെ ഉറ്റുനോക്കുന്നു

**കൊച്ചി:**ഓൺലൈൻ സ്കിൽ ഗെയിമിംഗ് വ്യവസായത്തിന് മികച്ച വളർച്ച കാഴ്ചവെയ്ക്കാനാകുമെന്ന് കേരളത്തിലെ സാങ്കേതികവിദ്യാ മേഖലയിലുള്ളവർ. ഇഗെയിമിംഗ് ഫെഡറേഷനും (ഇജിഎഫ്) കൊൽക്കൊത്തയിലെ ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ടും ചേർന്ന് നടത്തിയ 'ഓൺലൈൻ സ്കിൽ ഗെയിംമിംഗ് വ്യവസായത്തിന്റെ സാധ്യതകൾ തുറക്കുമ്പോൾ സാങ്കേതികവിദ്യാരംഗത്തുള്ളവരേയും വിദ്യാർത്ഥികളേയും ഉൾപ്പെടുത്തി ഒരു പഠനം' എന്ന പേരിൽ നടത്തിയ സർവ്വേയിലാണ് ഇക്കാര്യം വ്യക്തമായത്. സാങ്കേതികവിദ്യാരംഗത്തുള്ളവർക്ക് ഓൺലൈൻ ഗെയിമിംഗ് മേഖലയുടെ വളർച്ചാ സാധ്യതകളിലുള്ള വർധിച്ചു വരുന്ന താൽപ്പര്യത്തെ സംബന്ധിച്ചും മറ്റ് ഒട്ടേറെ പുതിയ വിവരങ്ങളാണ് സർവേയിലൂടെ പുറത്തു വന്നിരിക്കുന്നതെന്നും സാങ്കേതികവിദ്യയും ഗെയിമിംഗും തമ്മിലുള്ള പ്രതീകാത്മകബന്ധം ഈ പഠനം ഉയർത്തിക്കാണിക്കുന്നതായും പഠനം പ്രകാശനം ചെയ്തുകൊ് കൽക്കൊത്തയിലെ ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലെ പ്രൊഫസർ ഡോ. ദിഗന്ത മുഖർജി വാർത്താ സമ്മേളനത്തിൽ പറഞ്ഞു.കേരളം, കർണാടക, ആന്ധ്ര, തെലങ്കാന, തമിഴ്നാട് എന്നിവിടങ്ങളിലെ 4,644 സാങ്കേതികവിദഗ്ധരും വിദ്യാർത്ഥികളുമാണ് സർവേയിൽ പങ്കെടുത്തത്. ഇതനുസരിച്ച് ഈ രംഗത്തെ വിദ്യാർത്ഥികളും പ്രൊഫഷനലുകളും ശക്തമായ താൽപ്പര്യമാണ് ഓൺലൈൻ സ്കിൽ ഗെയിമിംഗ് മേഖലയോട് കാണിക്കുന്നത്. രാജ്യമെമ്പാടും നിന്നായി സർവേയിൽ പങ്കെടുത്തവരിൽ 72.5% പേരും ഈ രംഗത്തെ കരിയർ വളർച്ചയോട് ശക്തമായ താൽപ്പര്യം പ്രകടിപ്പിച്ചെങ്കിൽ ഓൺലൈൻ ഗെയിമിംഗ് രംഗത്ത് പ്രവർത്തിച്ചുകൊ് ഇന്ത്യയിലിരുന്ന് ലോകത്തിനായി സൃഷ്ടിക്കാനുള്ള അവസരത്തിലൂടെ വിദേശ തൊഴിലുകൾക്കായുള്ള യുവാക്കളുടെ കൊഴിഞ്ഞുപോക്ക് (ബ്രെയിൻ ഡ്രെയിൻ) ചെറുക്കാൻ ഈ മേഖലയ്ക്കാകുമെന്ന് 60% പേർ അഭിപ്രായപ്പെട്ടു. കേരളത്തിൽ നിന്ന് സർവേയുടെ ഭാഗമമായ 100% പേരും ഓൺലൈൻ സ്കിൽ ഗെയിമിംഗ് മേഖലയിൽ ജോലിയെടുക്കാൻ താൽപ്പര്യം പ്രകടിപ്പിച്ചതാണ് മറ്റൊരു ശ്രദ്ധേയമായ സംഗതി. ഈ രംഗത്തെ അപ്സ്കില്ലിംഗ് ആർജിച്ച് ഈ വ്യവസായമേഖലയ്ക്കായി ഗണ്യമായ തോതിൽ സംഭാവന ചെയ്യാനാകുമെന്നാണ് ഇവർ കരുതുന്നത്.രാജ്യത്ത് ഒരു സോഫ്റ്റ് വെയർ വിപ്ലവത്തിനു തന്നെ വഴി തുറക്കാൻ ഓൺലൈൻ സ്കിൽ ഗെയിമിംഗ് മേഖലയ്ക്ക് കഴിയുമെന്നാണ് കേരളത്തിൽ നിന്ന് സർവേയിൽ പങ്കെടുത്ത മുഴുവൻ



പേരും കരുതുന്നത്. രാജ്യമെമ്പാടും നിന്നുള്ളവരിലെ 68% പേരാകട്ടെ ഓൺലൈൻ സ്കിൽ ഗെയിമിംഗ് രംഗത്തു പ്രവർത്തിക്കുന്നത് തങ്ങളുടെ പൊതുവായ നൈപുണ്യങ്ങൾ മെച്ചപ്പെടുത്തുമെന്നും കരുതുന്നു. എഐ, എംഎൽ, വിആർ തുടങ്ങിയ നൂതന സാങ്കേതികവിദ്യകളോട് ചേരുമ്പോൾ ഈ മേഖലയ്ക്ക് കുതിച്ചു വളരാനും ഇന്ത്യയ്ക്ക് ഈ രംഗത്തെ സാങ്കേതികമുന്നേറ്റത്തിൽ വൻതോതിൽ പങ്കെടുക്കാനുമാകുമെന്നും പ്രൊഫ. ഡോ. ദിഗന്ത മുഖർജി പറഞ്ഞു. ഈ മേഖല വേഗത്തിൽ മാറുമ്പോൾ ചെറുപ്പക്കാരുടെ വളർച്ചയ്ക്കും സമ്പദ് വ്യവസ്ഥയുടെ പൊതുമുന്നേറ്റത്തിനുമുള്ള അസാധാരണമായ അവസരമാണ് കൈവന്നിരിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.വിദേശങ്ങളിലേയ്ക്കുള്ള ചെറുപ്പക്കാരുടെ കൊഴിഞ്ഞുപോക്കിൽ കുറവുവരുത്താൻ ഇന്ത്യയിലെ തദ്ദേശീയ ഗെയിമിംഗ് വ്യവസായത്തിനു കഴിയുമെന്നാണ് പഠനം സൂചിപ്പിക്കുന്നതെന്ന് ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലെ മറ്റൊരു പ്രൊഫസറായ ഡോ. ശുഭമോയ് മുഖർജി ചൂിക്കാണിച്ചു. ബൗദ്ധികമായ കാഴ്ചപ്പാടിലൂടെ നോക്കുമ്പോഴും സാങ്കേതികവിദ്യാ രംഗത്തെ പ്രൊഫഷനലുകൾക്ക് ഈ മേഖലയോട് ശക്തമായ താൽപ്പര്യമുന്നെും അദ്ദേഹം പറഞ്ഞു.ഡിജിറ്റൈസേഷൻ യുഗത്തിലെ കുതിച്ചുയരുന്ന മേഖലയാണ് ഓൺലൈൻ സ്കിൽ ഗെയിമിംഗെന്ന് ഇഗെയിമിംഗ് ഫെഡറേഷൻ സെക്രട്ടറി മലായ് കുമാർ ശുക്ല പറഞ്ഞു.

## കരട് വോട്ടർ പട്ടിക 8 ന്



**തിരുവനന്തപുരം:** തദ്ദേശ സ്ഥാപനങ്ങളുടെ വോട്ടർ പട്ടികയുടെ കരട് സെപ്റ്റംബർ 8 ന് പ്രസിദ്ധീകരിക്കും. അന്ന് മുതൽ പേര് ചേർക്കുന്നതിന് ഓൺലൈനായി അപേക്ഷ നൽകാമെന്ന് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. സെപ്റ്റംബർ 23 വരെ അപേക്ഷ നൽകാം. ഇതിനായി ലെര.സല്യമഹമ.ഴീ.ശി സൈറ്റിൽ ലോഗിൻ ചെയ്ത് ഓൺലൈൻ അപേക്ഷ നൽകണം. ജനുവരി ഒന്നിനോ അതിന് മുമ്പോ 18 വയസ് പൂർത്തിയായ അർഹതപ്പെട്ടവർക്ക് പേര് ചേർക്കുന്നതിന് അപേക്ഷിക്കാം. കരട് പട്ടിക ബന്ധപ്പെട്ട തദ്ദേശ സ്ഥാപനത്തിലും വില്ലേജ് ഓഫീസിലും താലൂക്ക് ഓഫീസിലും പ്രസിദ്ധീകരിക്കും. sec.kerala.gov.in ലും ലഭ്യമാകും. അന്തിമ പട്ടിക ഒക്ടോബർ 16 ന് പ്രസിദ്ധീകരിക്കും.പട്ടികയിലെ ഉൾക്കുറിപ്പുകളിൽ ഭേദഗതിയോ സ്ഥാനമാറ്റമോ വരുത്തുന്നതിനും ഈ സമയം ഓൺലൈനിലൂടെ അപേക്ഷിക്കാം. അനർഹരെ പട്ടികയിൽ നിന്ന് ഒഴിവാക്കുന്നതിന് ആക്ഷേപം സമർപ്പിക്കാനും അവസരമുണ്ട്. ആക്ഷേപങ്ങൾ ഓൺലൈനിൽ രജിസ്റ്റർ ചെയ്ത് നേരിട്ടോ തപാലിലൂടെയോ ഇലക്ട്രറൽ രജിസ്ട്രേഷൻ ഓഫീസർക്ക് നൽകണം.

# കോബ്രാൻഡ് ഹോട്ടൽ ക്രെഡിറ്റ് കാർഡ്: എച്ച്ഡിഎഫ്സി ബാങ്ക് മാരിയറ്റ് ബോൺവോയുമായി കൈകോർക്കുന്നു




**കൊച്ചി:** ഇന്ത്യയിലെ പ്രമുഖ സ്വകാര്യ മേഖലാ ബാങ്കായ എച്ച്ഡിഎഫ്സി ബാങ്ക്, ഇന്ത്യയിലെ ആദ്യത്തെ കോബ്രാൻഡഡ് ഹോട്ടൽ ക്രെഡിറ്റ് കാർഡായ 'മാരിയറ്റ് ബോൺവോയ് എച്ച്ഡിഎഫ്സി ബാങ്ക് ക്രെഡിറ്റ് കാർഡ്' പുറത്തിറക്കാനായി മാരിയറ്റ് ഇന്റർനാഷണൽ അവാർഡ് നേടിയ ട്രാവൽ പ്രോഗ്രാം മാരിയറ്റ് ബോൺവോയുമായി സഹകരിക്കുന്നു. ഈ കോബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് ഡിസ്കവർ ഗ്ലോബൽ നെറ്റ്‌വർക്കിന്റെ ഭാഗമായ ഡൈനേഴ്സ് ക്ലബ്ബിൽ പ്രവർത്തിക്കുമെന്ന് കൂടാതെ ഇന്ത്യയിലെ ഏറ്റവും ആദായകരമായ ട്രാവൽ കാർഡുകളിലൊന്നായി മാറാൻ ലക്ഷ്യമിടുകയും ചെയ്യുന്നു.ജപ്പാനിലെയും ദക്ഷിണ കൊറിയയിലെയും വിജയകരമായ പുറത്തിറക്കലുകൾക്ക് ശേഷം, തങ്ങളുടെ ആദ്യത്തെ മാരിയറ്റ് ബോൺവോയ് കോബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് ഇന്ത്യയിൽ അവതരിപ്പിക്കുന്നതിൽ സന്തോഷമുണ്ടെന്ന് സൗത്ത് ഏഷ്യ, മാരിയറ്റ് ഇന്റർനാഷണൽ ഏരിയ വൈസ് പ്രസിഡന്റ് രഞ്ജു അലക്സ് പറഞ്ഞു.മാരിയറ്റ് ബോൺവോയിയുടെ പങ്കാളിത്തത്തോടെ ഇന്ത്യയിൽ ആദ്യത്തെ കോബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് അവതരിപ്പിക്കുന്നതിൽ തങ്ങൾക്ക് സന്തോഷമുണ്ടെന്ന് എച്ച്ഡിഎഫ്സി പേമെന്റ് ബിസിനസ് കൺസ്യൂമർ ഫിനാൻസ് ടെക്നോളജി ആന്റ് ഡിജിറ്റൽ ബാങ്കിംഗ് കൺട്രിഹെഡ് പരാഗ് റാവു പറഞ്ഞു.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288, Kerala.E-mail-societytodaynews@gmail.com